# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 12 | MARCH 2026 | ക്രിസ്തീയ കുടുംബ മാസിക



"ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും;
നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്."
(സങ്കീർത്തനങ്ങൾ 4:8)

CONTENTS


03 ശത്രു പരാജിതനാണ്
ഡോ. വി. പി. മത്തായി വാലയിൽ

05 ഉള്ളിലെ കൊടുങ്കാറ്റുകൾ
ഡോ. നെൽസൻ മാത്യു വാലയിൽ

07 ദാമ്പത്യബന്ധം സുദൃഢമാക്കാൻ ലൈംഗികതയുടെ പങ്ക്
പ്രൊഫ. ജോൺ സഖറിയ

09 "ഒരിക്കലും ഓർത്തില്ല, ഇത്രയും തകരുമെന്ന്! ഒരിക്കലും ഓർത്തില്ല, ഇത്രയും ഉയരുമെന്ന്!"
ബാബു അഞ്ചേരി

11 ദാനീയേൽ
സോജ ടോണി

13 അടയാളം തിരയുന്നവർ
റവ. ബേസിൽ ജോർജ്ജ്

15 കുരുവിപ്പക്ഷിയും മാമ്പഴവും
ടീച്ചർ

25 ക്രിസ്തുവിന്റെ മനോഭാവം
സി. ജി. തോമസ്

❖ അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
❖ ന്യൂസ് ❖ ദൈനംദിന സഹായി
❖ ആരോഗ്യവിചാരം ❖ ബൈബിൾ ക്വിസ്
❖ അനുഭവസാക്ഷ്യം


EDITORIAL

# ദൈവം മാത്രം ആശ്രയം!!!

ദാൻഗോത്രത്തിലെ സോരാഥ്യനായ മാനോഹയുടെ ഭാര്യ മച്ചിയായിരുന്നു. യഹോവയുടെ ദൂതന്റെ അരുളപ്പാട് പ്രകാരം ഗർഭം ധരിച്ച അവൾ, ദൂതൻ നൽകിയ എല്ലാ നിർദ്ദേശങ്ങളും അനുസരിച്ചതിനാൽ ജനിച്ച മകൻ ശിംശോൻ അതിശക്തനായി. ശത്രുക്കളായ ഫെലിസ്ത്യർക്കു ഭീഷണിയായിത്തീർന്നു. എന്നാൽ ഏത് മനുഷ്യനും വീണു പോകുന്ന ധനം, പദവി, സ്ത്രീ എന്നിവയിൽ ഒന്നായ സ്ത്രീ വിഷയത്തിൽ പെട്ട് ശക്തി ക്ഷയിച്ച് ശത്രുവിന്റെ കയ്യിൽ അകപ്പെട്ടു. അവൻ വീണ്ടും യഹോവയിൽ ആശ്രയിച്ചപ്പോൾ ദൈവം അവന് ശക്തി നൽകുകയും ശത്രുക്കളെ സംഹരിക്കുകയും ചെയ്തു. വചനം പറയുന്നു. "അവൻ മരണസമയത്ത് കൊന്നവർ ജീവകാലത്ത് കൊന്നവരെക്കാൾ അധികമായിരുന്നു" (ന്യായാധിപന്മാർ 16:30). കേവലം ബാലനും ആട്ടിടയനുമായിരുന്ന ദാവീദ് ദൈവത്തിൽ ആശ്രയിച്ചാണ് പ്രബലനും ആജാനുബാഹുവുമായിരുന്ന ഗഥ്യനായ ഗൊല്യാത്തിനെ സംഹരിച്ചത്. ഇവിടെ ദാവീദ് പറയുന്ന കാര്യം ശ്രദ്ധേയമാണ്. "നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ മക്കളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു" (1 ശമുവേൽ 17:45). ദാവീദും സ്ത്രീവിഷയത്തിൽ പെട്ടെങ്കിലും യഹോവയുടെ മുമ്പാകെ നെടുമ്പാട് വീണ് പാപമോചനം പ്രാപിച്ച് പ്രബലനായിത്തീർന്നു. നെബൂഖദ്നേസർ രാജാവ് ദൂരാസമഭൂമിയിൽ നിർത്തിയ സ്വർണ്ണബിംബത്തെ വീണ് നമസ്കരിക്കാതിരുന്ന ഹനന്യാവ്, അസര്യാവ്, മീശായേൽ എന്നീ ബാലന്മാരെ തീച്ചൂളയിൽ ഇടാൻ തീരുമാനിച്ചപ്പോൾ മഹാരാജാവിനെ പേരെടുത്ത് വിളിച്ച് തങ്ങളുടെ ദൈവത്തെ പുകഴ്ത്തി. "നെബൂഖദ്നേസരേ ഈ കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല. ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല" (ദാനീയേൽ 3:16-18). അഹങ്കാരം അനർത്ഥത്തെ വിളിച്ചു വരുത്തുമ്പോൾ സമർപ്പണവും, വിശ്വസ്തതയും, ദൈവത്തോടുള്ള സ്നേഹവും നമ്മെ സകലവിധ അനർത്ഥങ്ങളിൽ നിന്നും വിടുവിക്കുകയും ചെയ്യും. ദൈവത്തോടും അവന്റെ പ്രമാണത്തോടും എത്രത്തോളം വിശ്വസ്തത നാം പാലിക്കുന്നുവോ അത്രത്തോളം ആ കരുതൽ നമുക്ക് അനുഭവിക്കാം. ഹനന്യാവ്, അസര്യാവ്, മീശായേൽ, ദാനിയേൽ എന്നിവരിൽ നിന്നും ഈ അനുഭവമാണ് നാം പഠിക്കേണ്ടത്. "യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു" (സങ്കീർത്തനങ്ങൾ 125:1). ദൈവത്തിൽ ആശ്രയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് ജയാളികൾ. ഈ വലിയ നോമ്പിന്റെ കാലഘട്ടത്തിൽ പ്രാർത്ഥനയോടും ഉപവാസത്തോടുകൂടി ദൈവത്തിൽ മാത്രം ആശ്രയിക്കാം. അതിന്നായി ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

■■■



രാജൻ എം. തോമസ്


EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR: Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com 8281616654

For Donation to Gospel Messenger



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ

# ശത്രു പരാജിതനാണ്

**ദൈവത്തിൽനിന്നും ദൈവഭക്തൻ വേർപെട്ടാൽ പിന്നെ അവൻ ശക്തനല്ല. പരാജയത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പാണ് ആ വേർപിരിയൽ.**

നമ്മുടെ ദൈവത്തിന്റെ വചനം മഹത്വങ്ങൾ നിറഞ്ഞതാണ് അതുപോലെതന്നെ മറ്റ് ഗ്രന്ഥങ്ങളിൽനിന്നും വ്യത്യാസം ഉള്ളതുമാണ്. ഒരു ഭക്തൻ ദൈവത്തോടൊപ്പം ആയിരിക്കുന്നിടത്തോളം പരാജയം എന്തെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. അഥവാ ഒരു ദൈവഭക്തൻ തോറ്റ ചരിത്രം തിരുവെഴുത്തിൽ ഇല്ല. എന്നാൽ ദൈവത്തിൽനിന്നും ദൈവഭക്തൻ വേർപെട്ടാൽ പിന്നെ അവൻ ശക്തനല്ല. പരാജയത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പാണ് ആ വേർപിരിയൽ. ആദ്യമാതാപിതാക്കളായ ആദാമും ഹവ്വായും തോറ്റത് ദൈവകല്പന വിട്ട്മാറി നിന്നതിനാലാണല്ലോ. അവിടെ തുടങ്ങിയതാണ് പരാജയം എന്ന പുതിയ പദം. അന്ന് മാനവരാശിയുടെമേൽ ജയിക്കാൻ ഒരു സാദ്ധ്യതയുമില്ലാതിരുന്ന ലൂസിഫർ ആദ്യമായി വിജയം നുകർന്നു. കാരണം അതിനുള്ള വഴി ഹവ്വാ വെച്ചുകൊടുത്തു.


## ആവശ്യമുണ്ട്

ഏപ്രിൽ മാസം മുതൽ ആരംഭിക്കുന്ന 'പ്രെയർ ടവറി'ലേക്ക് പ്രാർത്ഥനാ ജീവിതമുള്ള ദൈവമക്കളെ ക്ഷണിക്കുന്നു. എല്ലാ ദിവസവും 10 am to 1 pm – ആഴ്ചയിൽ ഒരു ദിവസം എങ്കിലും വന്ന് ശുശ്രൂഷയുടെ ഭാഗമാകാം. സൗകര്യമുള്ളവർ അറിയിക്കണമേ.

**ഓഫീസിലേക്ക്** എഡിറ്റിംഗ്, ഡിസൈൻ വർക്കുകൾ അറിയാവുന്നവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

എന്ന്
ഡയറക്ടർ

ജയിക്കേണ്ടവർ പരാജയപ്പെട്ടു. പരാജയപ്പെടേണ്ടവൻ ജയിച്ചു. ലോകത്തെ ആദ്യ സംഭവം. അന്നു മുതൽ സാത്താന്റെ പരിശ്രമം മനുഷ്യനെ പരാജയപ്പെടുത്തുക എന്നത് മാത്രമായി. അതിനുവേണ്ടി ഏതു വഴിയും, ഏതു സമയവും, ഏതു വ്യക്തിയെയും, ഏത് സാഹചര്യത്തെയും അവൻ ഉപയോഗിക്കും. അങ്ങനെ പരാജയപ്പെടുത്താൻ നോക്കുന്ന ശക്തി എത്രത്തോളം പ്രബലമായിരുന്നാലും നമുക്ക് ജയം തരുവാൻ സർവ്വശക്തനായ നമ്മുടെ കർത്താവ് നമ്മുടെ വലംകയ്യിൽ പിടിച്ചിട്ടുണ്ട് എന്ന്തന്നെയല്ല പരിശുദ്ധാത്മാവിനെ ഉപദേഷ്ടാവും സഹായകനായും നമ്മുടെ ഉള്ളിൽ ആക്കിയിരിക്കുന്നു. അതിനാൽ ജയിക്കുവാൻ മനസ്സാണെങ്കിൽ ജയം സാധ്യമാണ്.

പരിശുദ്ധാത്മാവാണ് നമ്മൾ വിജയിക്കുവാൻ ഏറ്റവും അധികം പ്രവർത്തിക്കുന്നത്. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26). ഇവിടെ പഠിപ്പിക്കും, ഉപദേശിക്കും. ഓർമ്മപ്പെടുത്തും. ഈ മൂന്നു കാര്യങ്ങളിൽ പരിശുദ്ധാത്മാവ് വളരെ വിദഗ്ദ്ധനാണ്. എന്തിനാണ് നമ്മെ പഠിപ്പിക്കുന്നതും, ഉപദേശിക്കുന്നതും ഓർമ്മപ്പെടുത്തുന്നതും നാം എല്ലാറ്റിലും പരാജയപ്പെടുത്തുന്നവന്റെ മുന്നിൽ ജയിച്ചുനിൽക്കുന്നതിനായിട്ടാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കർത്താവിന്റെ സർവ്വകലാശാലയിൽ പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിച്ചും പരിശീലനം തന്നും ജയിക്കുവാൻ പഠിപ്പിക്കുന്നു.

a. വ്യക്തമായ ലക്ഷ്യം ഉണ്ടെങ്കിൽ ഉന്നത ജയം.

b. ശക്തമായ വിശ്വാസം ഉണ്ടെങ്കിലും നാം വിജയിക്കും. c. തളരാത്ത അദ്ധ്വാനശീലവും d. അമിതമായ ആഗ്രഹവും നമുക്ക് ഉണ്ടാകണം അപ്രകാരം നാം ശീലിച്ചാൽ പരാജയപ്പെടുകയില്ല; ജയിക്കുക തന്നേ ചെയ്യും.

മഹാന്മാരുടെ ജീവിതത്തിലും ധാരാളം പരാജയങ്ങൾ അനുഭവിച്ചിട്ടുണ്ട് പക്ഷേ പരാജയം അവസാനമല്ല വിജയമാണ് അവസാനം.

ലക്ഷ്യം എപ്പോഴും ഏകീകരിക്കപ്പെടണം, നിർണ്ണയം ചെയ്യപ്പെടണം. ലക്ഷ്യം നിർണ്ണയം ചെയ്യപ്പെട്ടാലേ അതിലേക്കുള്ള വഴി കൃത്യതപ്പെടുത്താൻ നമുക്ക് കഴിയൂ. ലക്ഷ്യവും വഴിയും കൃത്യമായിക്കഴിഞ്ഞാൽ വിശ്വാസത്തിന്റെ ചുവടുകൾ നാം വെക്കണം. പിന്നീട് അതിനുമുന്നിൽ തടസ്സങ്ങൾ ഒന്നും പറഞ്ഞുകൂടാ. തടസ്സങ്ങൾ മാറാൻ നിരന്തരപരിശ്രമവും കഠിനാദ്ധ്വാനവും അനിവാര്യമാണ്. കഠിനാദ്ധ്വാനം ചെയ്യണമെങ്കിൽ സ്നേഹവും ജയിക്കുവാനുള്ള അമിതമായ ആഗ്രഹവും വേണം. നമ്മൾ ജയിക്കുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും. സ്വർഗ്ഗീയ സൈന്യങ്ങൾ ആനന്ദിക്കും. നമ്മളുടെ നിരന്തരമായ പ്രാർത്ഥനയും, നിരന്തരമായ പരിശീലനവും ഉപവാസവും മനസ്സാന്നിദ്ധ്യവും ജയത്തിനാവശ്യമാണ്. വിൽമ റുഡോൾഫ് എന്ന് പേരുള്ള ഒരു പെൺകുട്ടി അമേരിക്കയിലെ ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ചുവളർന്നു. തന്റെ നാലാമത്തെ വയസ്സിൽ പോളിയോ ബാധിച്ചു. അവളുടെ മനസ്സിലെ സ്വപ്നങ്ങളെല്ലാം തകരും എന്ന് ഏകദേശം ഉറപ്പായിരുന്നു. പക്ഷേ അമ്മ അവൾക്കുവേണ്ടി സ്വപ്നങ്ങൾ കണ്ടു. അമ്മ പ്രാർത്ഥിക്കുന്ന ഒരു സ്ത്രീ ആയിരുന്നു. എല്ലാ ദിവസവും അവളോട് പറയും വിൽമേ നീ സുഖംപ്രാപിക്കും നിനക്ക് മറ്റുള്ളവരെപ്പോലെ ഓടാനും ചാടാനും കഴിയും. നീ പേരുകേട്ട ഒരു ഓട്ടക്കാരിയാകും. നീണ്ട 5 വർഷങ്ങൾ കഴിഞ്ഞ് അവൾ കിടക്കയിൽനിന്നും എഴുന്നേറ്റു. പതിനൊന്നാം വയസ്സിൽ ഓടിത്തുടങ്ങി. പതിനാറാം വയസ്സിൽ ഒരു കോച്ചിന്റെ സഹായത്തോടെ പ്രാക്ടീസ് തുടങ്ങി. 1960-ലെ റോം ഒളിമ്പിക്സിൽ അവൾ അന്നത്തെ ചാമ്പ്യനായിരുന്നു. ജുട്ടാ ഹെയ്ൻ എന്ന റെക്കോർഡ് ഓട്ടക്കാരിയായിരുന്നു നിലവിലെ ചാമ്പ്യൻ. എന്നാൽ വിൽമ 100, 200, 400 മീറ്റർ ഇനങ്ങളിൽ മികച്ച ഓട്ടക്കാരിയായി മാറുകയായിരുന്നു. പ്രാർത്ഥനയുടെയും സമർപ്പണത്തിന്റെയും ശക്തികേന്ദ്രമായിരുന്ന ആ മാതാവിന്റെ വാക്കുകൾ അവളെ വിജയത്തിലേക്ക് നടത്തി.

**ധനം, പദവി, സ്ത്രീ എന്നീ ഘടകങ്ങൾ നമ്മളെ പരാജയപ്പെടുത്താൻ സാത്താൻ വലിച്ചിട്ടുതന്നു എന്ന് വന്നേക്കാം. പക്ഷേ തോറ്റുപോകരുതേ! നമ്മുടെ ഏകാഗ്രത ലക്ഷ്യത്തിൽനിന്നും മാറി ഇങ്ങനെയുള്ള കാര്യങ്ങളിലേക്ക് മാറിപ്പോകരുതേ! അപ്പോൾ നമ്മൾക്ക് ലക്ഷ്യം കാണാതെ ചിതറിപ്പോകേണ്ടിവന്നേക്കാം. ഈ കാലഘട്ടത്തിൽ ധാരാളം വേലക്കാർ പണത്തോടും പദവിയോടും സ്ത്രീയോടുമുള്ള ആഗ്രഹങ്ങളിൽ കുടുങ്ങി സഭ വിട്ട് നടക്കുകയാണ്. നാം പരാജയപ്പെടുമ്പോൾ ശത്രുവായ സാത്താൻ ജയിക്കുകയാണ്. നാം ജയിക്കുമ്പോൾ ശത്രുവായവൻ പരാജയപ്പെടുകയാണ്. അവൻ പരാജിതനായ നമ്മുടെ ശത്രുവാണ്. ജയിക്കുവാൻ നമ്മൾ അനുവദിക്കരുത്. അഥവാ ദൈവസ്നേഹത്തിൽനിന്നും നാം പിന്മാറിക്കൂടാ.**

വിജയിക്കുമ്പോൾ കർത്താവ് നമുക്ക് നക്ഷത്രങ്ങൾ നൽകി ആദരിക്കും എന്ന് വിശ്വസിക്കണമേ.

ദൈവം അനുഗ്രഹിക്കട്ടെ.



ജീവിത ചിന്തകൾ

ഡോ. നെൽസൺ മാത്യു വാലയിൽ

# ഉള്ളിലെ കൊടുങ്കാറ്റുകൾ

മഴയും കാറ്റും ഇടിമിന്നലും മറ്റുമൊക്കെയായുള്ള ഭീകരമായ കൊടുങ്കാറ്റുകളെപ്പറ്റിയാണ് നാം പൊതുവേ കേൾക്കുകയും കാണുകയും ചെയ്യുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി മറഞ്ഞിരിക്കുന്ന കൊടുങ്കാറ്റുകളുണ്ട്. ഇവ മനുഷ്യഹൃദയത്തിനുള്ളിൽ നിശബ്ദമായി സംഭവിക്കുന്നു. പുറമേ, ജീവിതം ശാന്തമായി കാണപ്പെട്ടേക്കാം. എന്നാൽ ആന്തരികമായി, ശമനമില്ലാത്ത ചിന്തകളും ഉത്തരങ്ങളില്ലാത്തെ ചോദ്യങ്ങളുമായി ഭയപരവശതയോടെ ഉള്ളം പരക്കംപായുകയാണ്.

സങ്കീർത്തനം 94:19–ൽ ഈ നിശബ്ദ യുദ്ധത്തിന് സങ്കീർത്തനക്കാരൻ ശബ്ദം കൊടുക്കുകയാണ്:

“എന്റെ ഉള്ളിലെ വിചാരങ്ങളുടെ ബഹുത്വത്തിൽ നിന്റെ ആശ്വാസങ്ങൾ എന്റെ പ്രാണനെ തണുപ്പിക്കുന്നു.”

തിരുവെഴുത്തുകളിൽ വളരെ കുറച്ച് വാക്യങ്ങൾ മാത്രമേ ഒരു വിശ്വാസിയുടെ ആന്തരിക ജീവിതത്തെ ഇത്രയും സത്യസന്ധതയോടും ആർദ്രതയോടുംകൂടി വിവരിക്കുന്നുള്ളൂ. ഇവിടെ എഴുത്തുകാരൻ താൻ നിർഭയനാണെന്ന് നടിക്കുന്നില്ല. അവൻ തന്റെ വൈകാരിക പോരാട്ടം മറച്ചുവെക്കുന്നതുമില്ല. ഉത്കണ്ഠ അവന്റെ ഉള്ളിൽ പെരുകിയതായി അവൻ തുറന്നുസമ്മതിക്കുന്നു. എന്നിരുന്നാലും അതിന്റെ നടുവിലും അവനെ തണുപ്പിക്കുന്നത് ദൈവത്തിന്റെ ആശ്വാസനങ്ങളാണ്.

ഈ വാക്യം വെറും ഒരു കവിതയല്ല. അതൊരു സാക്ഷ്യമാണ്. ജീവിതം ശാന്തമാകുമ്പോഴല്ല, മറിച്ച് അമിതഭാരം അനുഭവിക്കുമ്പോഴാണ് ദൈവം തന്റെ ഏറ്റവും ആഴമേറിയ പ്രവൃത്തി ചെയ്യുന്നതെന്ന് കണ്ടെത്തിയ വിശ്വാസ വീരന്മാരുടെ സാക്ഷ്യമാണിത്.

ഉത്കണ്ഠ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് പലപ്പോഴും നിശബ്ദമായാണ്. ഒരു ചിന്ത മറ്റൊരു ചിന്തയിലേക്കും ഒരു ആശങ്ക മറ്റൊരു ആശങ്കയിലേക്കും വാതിൽ തുറക്കുന്നു. അങ്ങനെയത് വളർച്ച പ്രാപിക്കുന്നു. ഒരു മരത്തിൽ നിന്നും ശാഖകൾ വളരുന്നതുപോലെ. ഓരോ ചിന്തയും മറ്റൊന്നിന് ജന്മം നൽകുന്നു, ഹൃദയം തിങ്ങി അസ്വസ്ഥവുമാകുന്നു. വ്യക്തമായ ഉത്തരങ്ങൾ കണ്ടെത്താൻ കഴിയാത്ത അനിശ്ചിതത്വം കടന്നുവരുന്ന സാഹചര്യങ്ങളിൽ ഭയാനകമായി എന്തോ സംഭവിക്കാനിരിക്കുന്നു എന്ന തോന്നൽ ഉടലെടുക്കുന്നു.

ആശുപത്രിയിൽ തന്റെ കുട്ടിയുടെ കിടക്കക്കരികിൽ ഇരുന്നു മോണിറ്റർ നോക്കി ഓരോ ശബ്ദവും ശ്രദ്ധിച്ചു നിയന്ത്രിക്കാൻ കഴിയാത്ത ആകുലതയിൽ പകച്ചിരിക്കുന്ന ഒരു അമ്മ... രാത്രിയിൽ ഉണർന്നിരുന്ന് ചെലവുകൾ, സ്കൂൾ ഫീസ്, ഉത്തരവാദിത്വങ്ങൾ എന്നിവ കണക്കാക്കി നാളെ തന്റെ കുടുംബത്തിന് വേണ്ടതെല്ലാം നൽകാൻ കഴിയുമോ എന്ന് ആശങ്കപ്പെടുന്ന ഒരു പിതാവ്... വാർഷിക പരീക്ഷക്ക് മുമ്പ് പുസ്തകത്തിലേക്ക് ഉറ്റുനോക്കി കുടുംബത്തിൽനിന്നും സമൂഹത്തിൽ നിന്നുമുള്ള പ്രതീക്ഷകളുടെ കനത്ത സമ്മർദ്ദം അനുഭവിക്കുന്ന ഒരു വിദ്യാർത്ഥി... സഭാവിശ്വാസി

കളുടെ മുന്നിൽ ആത്മവിശ്വാസത്തോടെ പ്രസംഗിക്കുന്നു, എന്നാൽ ഉള്ളിൽ ക്ഷീണവും, സ്വയം സംശയവും, ദുഃഖഭാരവും പേറി മാനസികമായി പോരാടുന്ന ഒരു ദൈവദാസൻ... സങ്കീർത്തനക്കാരൻ പറയുന്ന പോലെ വിചാരങ്ങളുടെ ബഹുത്വവുമായി ജീവിക്കുന്ന ജീവിതങ്ങൾ. നാമും കടന്നു പോകാറില്ലേ?

നമ്മുടെ ഏറ്റവും അടുത്ത കൂട്ടുകാർക്ക് പോലും എത്തിച്ചേരാൻ കഴിയാത്ത ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മുറികളിലേക്ക് പ്രവേശിക്കുവാൻ ദൈവത്തിനു സാധിക്കുന്നു. ദൈവസാന്നിദ്ധ്യം ആശ്വാസത്തിന്റെ ഉറവിടമാണ്. മറ്റുള്ളവർക്ക് മനസ്സിലാക്കാൻ പ്രയാസമുള്ളതും അവൻ മനസ്സിലാക്കുന്നു എന്നത് എത്ര ആശ്വാസകരമാണ്.

പല മാർഗ്ഗങ്ങളിലൂടെയാണ് ദൈവീക ആശ്വാസം കടന്നുവരുന്നത്. ചിലപ്പോൾ തിരുവെഴുത്തിലൂടെ, മറ്റു ചിലപ്പോൾ, പ്രാർത്ഥനയിലൂടെ, ചിലപ്പോൾ, ശരിയായ സമയത്ത് വിളിക്കുന്ന അല്ലെങ്കിൽ ഒരു സന്ദേശം അയയ്ക്കുന്ന ഒരാളിൽനിന്നുള്ള അപ്രതീക്ഷിത പ്രോത്സാഹനത്തിലൂടെ... എങ്ങിനെയായിരുന്നാലും അത് വ്യക്തിപരവും കൃത്യവും സമയോചിതവുമായിരിക്കും.

ഒരിക്കൽ ഒരു സ്ത്രീക്ക് അപ്രതീക്ഷിതമായി തന്റെ ഭർത്താവിനെ നഷ്ടപ്പെട്ടു. തുടർന്നുള്ള ദിവസങ്ങൾ സന്ദർശകരാലും അനുശോചനങ്ങളാലും നിറഞ്ഞിരുന്നു. തിരക്കേറിയ ആ ദിവസങ്ങളിൽ, അവൾ ശക്തയായി തുടർന്നു. എന്നാൽ എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ വീട്ടിൽ നിശബ്ദത നിറഞ്ഞു, ഉത്കണ്ഠ പെരുകാൻ തുടങ്ങി. സാമ്പത്തികം, രക്ഷാകർതൃ ഉത്തരവാദിത്വങ്ങൾ, ഏകാന്തത, ഭാവി എന്നിവയെക്കുറിച്ച് അവൾ ആശങ്കാകുലയായി. രാത്രികൾ ഏറ്റവും കഠിനമായി. ഉറക്കം നഷ്ടപ്പെട്ടു. അങ്ങനെ ഒരു വൈകുന്നേരം, അവൾ ഒറ്റക്ക് ഇരിക്കുമ്പോൾ, അവിചാരിതമായി അവൾ ബൈബിൾ തുറന്നു. "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സ് തകർന്നവരെ അവൻ രക്ഷിക്കുന്നു" (സങ്കീർത്തനങ്ങൾ 34:18). എന്ന വാചകത്തിൽ അവളുടെ കണ്ണുകൾ പതിഞ്ഞു. മുമ്പ് പലതവണ വായിച്ചിട്ടുള്ളതാണ്. പക്ഷേ ആ വൈകുന്നേരം, ഈ വാക്കുകൾ ജീവനുള്ളതായി തോന്നി. തന്റെ സാഹചര്യങ്ങൾ മാറ്റമില്ലാതെ തുടരുമ്പോഴും, മുമ്പ് അനുഭവിച്ചിട്ടില്ലാത്ത വിധത്തിൽ തന്റെ ഹൃദയത്തെ ദൈവം സ്പർശിച്ചതായി അവൾ സാക്ഷ്യപ്പെടുത്തി. അവളുടെ ഉത്കണ്ഠ ഒറ്റരാത്രികൊണ്ട് അപ്രത്യക്ഷമായില്ല. എന്നാൽ ആഴമേറിയ എന്തോ ഒന്ന് സംഭവിച്ചു – അവളുടെ ദുഃഖത്തോടൊപ്പം നിശബ്ദമായി സന്തോഷം വളരുന്നതായി അവൾ കണ്ടെത്തി. ഇതാണ് സങ്കീർത്തനം 94:19 വിവരിക്കുന്ന ആശ്വാസത്തിന്റെ രഹസ്യം.

പ്രശ്നങ്ങൾ അപ്രത്യക്ഷമായതിനുശേഷം മാത്രമേ സന്തോഷം ലഭ്യമാകൂ എന്ന് മനുഷ്യയുക്തി അനുമാനിക്കുന്നു. എന്നാൽ ഉത്കണ്ഠ വളരുന്ന അതേ മണ്ണിൽ ദൈവത്തിന് സന്തോഷം നടാൻ കഴിയും. ഈ സന്തോഷം ഉപരിപ്ലവമായ സന്തോഷമല്ല; വേദനയെ നിഷേധിക്കുന്നതുമല്ല. മറിച്ച് ഒരു ധൈര്യമാണ്. ജീവിതത്തെ ഞാൻ ഒറ്റക്കല്ല നേരിടുന്നത് എന്ന ആഴത്തിലുള്ള ഉറപ്പാണിത്. ഇടിമുഴക്കം ഇപ്പോഴും മുഴങ്ങുന്നു. മിന്നൽ ഇപ്പോഴും മിന്നുന്നു. കൊടുങ്കാറ്റ് ഇപ്പോഴും വീശുന്നു. പക്ഷേ ഉള്ളിൽ സുരക്ഷ അനുഭവപ്പെടുന്നു. ദൈവത്തിന്റെ ആശ്വാസം പ്രവർത്തിക്കുന്നു.

ദൈവം എല്ലായ്പ്പോഴും കൊടുങ്കാറ്റുകളെ ഉടനടി നീക്കംചെയ്യണമെന്നില്ല. ഉത്കണ്ഠ വേദനാജനകമാണെങ്കിലും, അത് പലപ്പോഴും ഒരു ആത്മീയ വഴിത്തിരിവായി മാറുന്നു. അത് നമ്മുടെ നിസ്സഹായതയെ തുറന്നുകാട്ടുന്നു. മനുഷ്യശക്തിക്ക് പരിധികളുണ്ടെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ ആശ്രയിക്കുന്നതിലേക്ക് അത് നമ്മെ സൗമ്യമായി തള്ളിവിടുന്നു. ഹൃദയം വിറക്കുമ്പോൾ, പ്രാർത്ഥന സത്യസന്ധവും ആഴത്തിൽ വ്യക്തിപരവുമായിത്തീരുന്നു.

ആശ്വാസമില്ലാതെ ചിന്തകൾ അനന്തമായി വട്ടമിട്ടു പറക്കുമ്പോൾ ദൈവത്തിന്റെ ആശ്വാസം ആ ചിന്തകളെ തടസ്സപ്പെടുത്തുന്നു, പ്രത്യാശയെ കൊണ്ടുവരുന്നു. വിശ്വാസവും നന്ദിയും ഉത്കണ്ഠ കുറക്കുന്നതാണ്. ദൈവത്തിന്റെ ആശ്വാസം സൗമ്യമാണ്, പക്ഷേ ശക്തമാണ്

പ്രഭാത സൂര്യപ്രകാശം ഒരു ഇരുണ്ട മുറിയെ മെല്ലെ പ്രകാശപൂരിതമാക്കുന്നുതുപോലെ ദൈവീക ആശ്വാസം സൗമ്യമായി ഭയത്തെ ദുർബലപ്പെടുത്തുന്നു .

ഒരുപക്ഷേ നിശബ്ദമായ ഭാരങ്ങൾ വഹിച്ചുകൊണ്ടായിരിക്കാം ഇത് വായിക്കുന്നത്. കുടുംബം, ആരോഗ്യം, ശുശ്രൂഷ അല്ലെങ്കിൽ ഭാവിയിലെ അനിശ്ചിതത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉത്കണ്ഠയിലായിരിക്കാം. ആത്മീയമായി ക്ഷീണവും വൈകാരികമായി തളർച്ചയും അനുഭവപ്പെടുന്നുണ്ടാകാം. ഈ പോരാട്ടങ്ങൾ നമ്മെ അവന്റെ ആശ്വാസത്തിലേക്ക് കൂടുതൽ അടുപ്പിക്കട്ടെ.

*കർത്താവേ, എന്റെ മനസ്സിൽ നിറയുന്ന ഉത്കണ്ഠാകുലമായ ചിന്തകൾ നീ കാണുന്നു. പ്രകടിപ്പിക്കാൻ കഴിയാത്ത എന്റെ ഭയങ്ങൾ നീ മനസ്സിലാക്കുന്നു. നിന്നിൽ ആശ്രയിക്കാനും നിന്റെ സാന്നിദ്ധ്യത്തിൽ വിശ്വസിക്കാനും എന്നെ പഠിപ്പിക്കേണമേ. എന്റെ ഉള്ളിൽ വിചാരങ്ങൾ പെരുകുമ്പോൾ, നിന്റെ ആശ്വാസം എന്നിലേക്ക് പകർന്നു എന്റെ പ്രാണനെ തണുപ്പിക്കേണമേ. ആമേൻ.* ■■■



ക്രിസ്തീയ
കുടുംബം



പ്രൊഫ. ജോൺ
സഖറിയ

# ദാമ്പത്യബന്ധം സുദൃഢമാക്കാൻ ലൈംഗികതയുടെ പങ്ക് [തുടർച്ച]

ശാരീരികക്ഷമതയും ലൈംഗിക ആനന്ദത്തിന് പ്രധാനമാണ്. അതിനാൽ, ലൈംഗിക അവയവങ്ങളുടെ വ്യായാമം/ ആരോഗ്യം ലൈംഗികതയിൽ മാത്രം ഒതുക്കാതെ, ജീവിതശൈലിയുടെ ഭാഗമാക്കേണ്ടത് അത്യാവശ്യമാണ്. ആരോഗ്യകരമായ ഭക്ഷണവും ശരിയായ ജീവിതരീതിയും ലൈംഗികശേഷിയെ പിന്തുണയ്ക്കും.

ഭക്ഷണവസ്തുക്കളാണ് ഏറ്റവും പ്രധാനം. തണ്ണിമത്തൻ, പിസ്ത, വാൾനട്ട്, ബദാം, മത്തങ്ങ വിത്തുകൾ തുടങ്ങിയ Nuts & Seeds, വെളുത്തുള്ളി, ഇലക്കറികൾ, Dark ചോക്ലേറ്റ്, ബീറ്റ്റൂട്ട്, മത്സ്യം (സാൽമൻ, മത്തി), മുട്ട, പാല് തുടങ്ങിയവ ലൈംഗികശേഷി വർദ്ധിപ്പിക്കുവാൻ ഉതകുന്നവയാണ്.

എന്നാൽ കൃത്രിമ ലൈംഗിക ഉത്തേജന വസ്തുക്കൾ (മരുന്നുകൾ, ചികിത്സാരീതികൾ) വിദഗ്ധ മെഡിക്കൽ പ്രൊഫഷണലുകളുടെ ആലോചന മാത്രം അനുസരിച്ച് ഉപയോഗിക്കേണ്ടതും കഴിവതും ഉപയോഗിക്കാതിരിക്കേണ്ടതും ആകുന്നു. ലൈംഗിക ഉപകരണങ്ങൾ തീർച്ചയായും വർജ്ജിക്കേണ്ടതത്രെ. കാര്യങ്ങൾ ഇത്രയും വ്യക്തമായി എഴുതുന്നത് ഈ കാലഘട്ടത്തിൽ മാധ്യമങ്ങളിലൂടെ ധാരാളം വേണ്ടതും വേണ്ടാത്തതുമായ അറിവുകൾ നമ്മുടെ ഇടയിൽ ഉണ്ട്, പ്രത്യേകിച്ച് ചെറുപ്പക്കാരുടെ ഇടയിൽ. സാമൂഹ്യമാധ്യമങ്ങളിലൂടെ വളരെയേറെ അബദ്ധവും അപകടകരവും അധാർമ്മികവുമായ കാര്യങ്ങൾ ലൈംഗികജീവിതത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ ക്രിസ്തീയ മാനദണ്ഡങ്ങൾ പാലിക്കുന്ന ശുശ്രൂഷകരുടെയും കൗൺസലേഴ്സിന്റെയും ആലോചനകളോടുകൂടെ മാത്രമേ ഇക്കാര്യങ്ങൾ സ്വീകരിക്കാവൂ. അല്ലെങ്കിൽ ധാർമ്മികമായും ആത്മീയമായും ശാരീരികമായും മാനസികമായും നമ്മുടെ തലമുറ തകർച്ചകളിലേക്ക് പോകാം.

ദാമ്പത്യത്തിൽ ലൈംഗികജീവിത സംതൃപ്തിയെക്കുറിച്ച് പറയുമ്പോൾ തന്നേ തങ്ങളുടെ ജോലി, ആത്മീയ ശുശ്രൂഷകൾ എന്നിവക്ക് കൊടുക്കേണ്ട പ്രാധാന്യവും സമയവും നൽകി വേണം ലൈംഗികബന്ധം പ്ലാൻചെയ്യാൻ.

പൗലൊസ്അപ്പൊസ്തലൻ തന്നെപ്പോലെ എല്ലാവരും 'സ്ത്രീയെ തൊടാതിരിക്കുന്നത് മനുഷ്യന് നല്ലത്' എന്ന തന്റെ അഭിപ്രായം പറഞ്ഞപ്പോൾ തന്നേ 1 കൊരി. 7:1-7 വാക്യങ്ങളിൽ ലൈംഗികബന്ധങ്ങളിലുള്ള നിയന്ത്രണത്തെക്കുറിച്ച് അഞ്ചാം വാക്യത്തിൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കാം. "പ്രാർത്ഥനെക്ക് അവസരമുണ്ടാകുവാൻ ഒരു സമയത്തേക്കു പരസ്പരസമ്മതത്തോടെ അല്ലാതെ തമ്മിൽ വേറുപെട്ടിരിക്കരുത്". അഥവാ ശുശ്രൂഷയോടുള്ള ബന്ധത്തിൽ ശാരീരികബന്ധത്തിന് അവധികൊടുക്കേണ്ട സമയമുണ്ട്; ഒരുപക്ഷേ തദവസരത്തിൽ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് ആയിരിക്കാം; വേറെ വേറെ സ്ഥലങ്ങളിലായിരിക്കാം. ആ സമയത്ത് ലൈംഗിക ആസക്തി ഉണ്ടാകുന്ന ചിന്തകൾ നിയന്ത്രിക്കണം; അതിന് സഹായകരമായി ലൈംഗിക ഉത്തേജനം ഉണ്ടാക്കുന്ന വസ്തുക്കൾ വർജ്ജിക്കുന്നത് നന്നായിരിക്കും; പരീക്ഷകൾ ഉണ്ടാകാതിരിപ്പാൻ; പരീക്ഷകളിൽ വീണ് പോകാതിരിപ്പാൻ. ആത്മീയ ശുശ്രൂഷകർ ഒറ്റക്ക് ദൂരെ സ്ഥലങ്ങളിൽ ആയിരിക്കുമ്പോൾ താൽപ്പര്യപൂർവ്വം വിശ്വാസികൾ കൊടുക്കുന്ന സമൃദ്ധമായ ആഹാരങ്ങൾ കെണിയായി തീരാതിരിക്കത്തക്കവണ്ണം ശ്രദ്ധിക്കുന്നത് ആത്മീയമായി ആരോഗ്യകരമാണ്. വളരെ പ്രസിദ്ധരായ ആത്മീയ ശുശ്രൂഷകർ ലൈംഗികമായി വീണുപോയിട്ടുള്ളത് ഇതുപോലുള്ള സാഹചര്യങ്ങളിലാണ് എന്ന് ഓർക്കുക

ഭക്ഷണം, വ്യായാമം തുടങ്ങിയവയെപ്പോലെ തന്നേ വളരെ ചിട്ടയായ ജീവിത ശൈലി ലൈംഗിക ജീവിതത്തിൽ ഭാര്യാഭർത്താക്കന്മാർ സൂക്ഷിക്കണം. കുടുംബ ബഡ്ജറ്റ്, ജോലി തുടങ്ങിയ കാര്യങ്ങളിലെ ചിട്ടപോലെ തന്നേ ആയിരിക്കണം

ലൈംഗിക ജീവിതവും. ഭവനത്തിലെയോ ഓഫീസിലെയോ ജോലികൾ വളരെയധികം ചെയ്ത് ക്ഷീണിച്ചു വരുന്നതായ ഭാര്യാഭർത്താക്കന്മാർ വേണ്ടതായ മാനസിക, ശാരീരിക തയ്യാറെടുപ്പോടുകൂടെയല്ലാതെ ധൃതിയായി ചെയ്യാവുന്ന ഒരു കാര്യമല്ല ലൈംഗിക ബന്ധം; പ്രത്യേകിച്ച് പുരുഷന്മാർ ശ്രദ്ധിക്കണം. സ്വന്തം വികാരം ശമിപ്പിച്ചിട്ട് കിടന്നുറങ്ങാൻ ഉള്ളതല്ല ഭാര്യാഭർതൃ ലൈംഗിക ബന്ധം. വാസ്തവത്തിൽ തക്കതായ സാവകാശം ഇല്ലാത്ത അവസരങ്ങളിൽ ബന്ധപ്പെടാതിരിക്കുന്നതാണ് നല്ലത്; കാരണം ജീവിതപങ്കാളിക്ക്, പ്രത്യേകിച്ച് സ്ത്രീക്ക് ശ്രദ്ധയില്ലാതെയുള്ള ലൈംഗികബന്ധംമൂലം ലൈംഗികജീവിതത്തിൽ വിരസത അനുഭവപ്പെടാം. അത് ദാമ്പത്യബന്ധത്തെ, ലൈംഗിക ബന്ധത്തെ പ്രതികൂലമായി സ്ഥിരമായി ബാധിക്കാം.

വിവാഹം കഴിഞ്ഞ ആദ്യ നാളുകളിൽ കൂടുതൽ സമയം ഭാര്യയും ഭർത്താവും തമ്മിൽ ലൈംഗികമായി ബന്ധപ്പെടുന്നത് സ്വാഭാവികമാണ്. അതിനൊക്കെയാണ് ഹണിമൂൺ യാത്രകൾ ഇന്നത്തെ കാലത്ത് വെച്ചിരിക്കുന്നത്. അങ്ങനെയുള്ള അവസരങ്ങളിൽ സാവകാശം ശ്രദ്ധയോടെ ബന്ധപ്പെടുന്നതായ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. എന്നാൽ പിൽക്കാലത്ത് ആണെങ്കിലും പ്രത്യേക ദിവസങ്ങളോ സമയങ്ങളോ വേണ്ടിവന്നാൽ സ്ഥലങ്ങളോ വേർതിരിച്ച് അനുഭവിക്കേണ്ട ഒന്നാണ് ലൈംഗിക ബന്ധങ്ങൾ. ജോലി, സാമ്പത്തിക കാര്യങ്ങൾ, സന്ദർശനങ്ങൾ തുടങ്ങിയവ പോലെ തന്നേ വളരെ ശ്രദ്ധയോടെ സമയമെടുത്ത് പ്ലാൻചെയ്ത് അനുഭവിക്കേണ്ട ഒന്നാണ് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗിക ബന്ധം.

'ഏട്ടിലെ പശു പുല്ലു തിന്നുകയില്ല' എന്ന ചൊല്ല് നമുക്കറിയാം. ഇക്കാര്യത്തിൽ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ 90%വും വികലവും അയഥാർത്ഥവും അപ്രായോഗികവും പലപ്പോഴും അധാർമ്മികവും ആയിരിക്കും. ക്രിസ്തീയ വിശ്വാസികൾ വളരെ ശ്രദ്ധയോടെ ആസ്വദിക്കേണ്ട ദാമ്പത്യബന്ധം ദിവാസ്വപ്നങ്ങൾ തകർന്നു നിരാശ അനുഭവത്തിൽ ചെല്ലാൻ ഇടയാക്കരുത്. രണ്ടുപേർക്കും കൂടെ ആസ്വദിക്കാൻ സാധിക്കാത്ത ഒരു ബന്ധം ദൈവികമല്ല അതിന് ദൈവിക അനുവാദവുമില്ല.

സംഭോഗമാണ് പ്രധാനമായും ലൈംഗികബന്ധം എന്ന് നാം ധരിച്ചുകൂടാ. ഉത്തമഗീതം അതിന് ഒരു ഉദാഹരണമാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഉണ്ടാകുന്ന സന്തോഷകരമായ ലൈംഗിക ബന്ധങ്ങളിൽ സംഭോഗം അവിടെ കാണുന്നില്ല. ഇതു പറയുവാൻ കാരണം രണ്ടുപേർക്കും സംഭോഗ സംതൃപ്തി ഉണ്ടാകാത്ത സാഹചര്യങ്ങളിൽ സംഘർഷങ്ങൾ ഉണ്ടായിക്കാണുന്നുണ്ട്. എന്നാൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ളതായ ലൈംഗികബന്ധങ്ങൾ സംഭോഗത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല എന്ന് മനസ്സിലാക്കി ഇരുവരും വിനോദിക്കുവാൻ, സന്തോഷിക്കുവാൻ അവസരം എടുക്കുമ്പോൾ, സാധിക്കണമെന്ന് ആഗ്രഹിച്ചതെല്ലാം സാധിക്കാത്തപ്പോൾ നിരാശ ഉണ്ടാകുന്ന അനുഭവം ഉണ്ടാവുകയില്ല. അതുപോലെ ജീവിതപങ്കാളി അല്ലാത്ത സ്ത്രീയിൽ/പുരുഷനിൽ ഒരു കാരണവശാലും ഒരു വ്യക്തി ആഗ്രഹം വെക്കുവാൻ പാടില്ല; താരതമ്യം ഒരിക്കലും പാടില്ല. പരിജ്ഞാനത്തോടെ ജീവിക്കുകയാണെങ്കിൽ ഉള്ളതുകൊണ്ട് ഓണംപോലെ ലൈംഗിക ബന്ധത്തിൽ തൃപ്തിയായി ജീവിക്കുവാൻ ഒരു വിശ്വാസിക്ക് സാധിക്കും, സ്വാർത്ഥത ഇല്ലെങ്കിൽ.

ഈ വിവരണം ഞാനിവിടെ നിർത്തുകയാണ്. ഏതെങ്കിലും വിധത്തിൽ വേദനിക്കുന്ന, ബുദ്ധിമുട്ടുള്ള, സംതൃപ്തമല്ലാത്ത അനുഭവങ്ങൾ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഉണ്ടായാൽ എത്രയും പെട്ടെന്ന് പരിജ്ഞാനം ഉള്ള ക്രിസ്തീയ കൗൺസിലേഴ്സിനെ സമീപിച്ച് സമയം നഷ്ടപ്പെടുത്താതെ പ്രയോജനകരമായ കാര്യങ്ങൾ മനസ്സിലാക്കി സന്തോഷത്തോടെ മുന്നോട്ട് പോകുവാൻ സാധിക്കണം.

സ്ത്രീ-പുരുഷ ശരീരഘടനകളുടെ വൈവിധ്യമാണ് ലൈംഗികതയെ കൂടുതൽ ആകർഷകവും ആഹ്ലാദകരവുമാക്കുന്നത്. പുരുഷന്റെ ലൈംഗികാവയവങ്ങളിൽ ലിംഗവും വൃഷണങ്ങളും പ്രധാനമാണ്, അതേസമയം സ്ത്രീകളുടെ ആന്തരിക-ബാഹ്യ ലൈംഗികാവയവങ്ങൾ പ്രത്യുൽപാദനവുമായും ലൈംഗിക ആനന്ദവുമായും ഒരുപോലെ ബന്ധപ്പെട്ടിരിക്കുന്നു. ലൈംഗിക ഉദ്ധാരണം, ഹോർമോണുകളുടെയും നാഡികളുടെയും രക്തക്കുഴലുകളുടെയും സംയോജനത്തിലൂടെ സംഭവിക്കുന്നു. ഇതിന് തലച്ചോറിലെ ലിംബിക് സിസ്റ്റം നേതൃത്വം നൽകുന്നു. സ്ത്രീകളിൽ, യോനീനാളവും ക്ളിറ്റോറിസും ലൈംഗിക വികാരങ്ങൾ ഉണർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഈ ശരീരഘടനകളെക്കുറിച്ചുള്ള അറിവുള്ളവരും ശരീര അവയവങ്ങളിൽ അന്യോന്യം ആസ്വദിക്കുന്നവരും ആയ ദമ്പതികൾക്ക് പരസ്പരം മനസ്സിലാക്കാനും ലൈംഗിക ബന്ധത്തെ കൂടുതൽ സുഗമമാക്കുവാനും, സുന്ദരമാക്കുവാനും സഹായിക്കും.

ആരോഗ്യകരമായ ലൈംഗിക ജീവിതം ദാമ്പത്യത്തിന്റെ സന്തോഷവും ദൃഢതയും വർധിപ്പിക്കുന്നു. പരസ്പര വിശ്വാസവും ആശയവിനിമയവും ഈ ബന്ധത്തെ കൂടുതൽ ഊഷ്മളമാക്കുന്നു. ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും, പങ്കാളിക്കൊപ്പം ഗുണമേന്മയുള്ള സമയം ചെലവഴിക്കാൻ ശ്രമിക്കുക. ലൈംഗിക വിദ്യാഭ്യാസവും ശാരീരിക-മാനസിക ക്ഷേമവും ഒരുപോലെ പ്രധാനമാണ്. ഇരുവരും ഒരുമിച്ച് സ്നേഹവും ആനന്ദവും നിറഞ്ഞ ഒരു ദാമ്പത്യജീവിതം കെട്ടിപ്പടുക്കാം!

(തുടരും)

■■■

ജീവിത സായാഹ്നം





ബാബു അഞ്ചേരി

# "ഒരിക്കലും ഓർത്തില്ല, ഇത്രയും തകരുമെന്ന്! ഒരിക്കലും ഓർത്തില്ല, ഇത്രയും ഉയരുമെന്ന്!"

**ഓ**ബേദ്മോനെ തൊട്ടിലിൽ കിടത്തി താരാട്ടു പാടി ഉറക്കിയിട്ടാണു ഞാൻ വരുന്നത്. ഇവിടെ ബോവസിന്റെ കൊട്ടാരതുല്യമായ കെട്ടിടത്തിന്റെ മട്ടുപ്പാവിൽ ഈ പതുപതുത്ത മെത്തമേൽ ചാരിയിരുന്ന് ഓർമ്മകളുടെ നിഴൽവീണ വഴികളിലൂടെ ഞാനൊന്നു സഞ്ചരിക്കട്ടെ. "അപ്പത്തിന്റെ ഭവന"മായിരുന്നു, ബേത്‌ലഹേം, പക്ഷേ നീതിനിഷ്ഠയില്ലാത്ത ന്യായാധിപന്മാരുടെ അസന്മാർഗ്ഗിക ജീവിതം, ശത്രുക്കൾക്കു ഞങ്ങളെ ആക്രമിക്കുവാൻ വഴിയൊരുക്കി അങ്ങനെ ക്ഷാമത്തിന്റെ നാളുകൾ ദേശത്തിൽ കരിനിഴൽ വീഴ്ത്തി. മഴയില്ല, പച്ചപ്പില്ല വയലുകൾ വീണ്ടുകീറി. ഗോതമ്പില്ല. യവം ഇല്ല. അത്തിപ്പഴം ഇല്ല മുന്തിരിപ്പഴം ഇല്ല. ഒലിവു മരങ്ങൾ ശൂന്യമായി, അപ്പോൾ ഞാൻതന്നെയാണ് എലീമേലെക്കിനോടു പറഞ്ഞത് "ബേത്‌ലഹേം വിട്ടുപോകാം" ജന്മനാടിനെ വിട്ടുപോകാൻ ആർക്കാണിഷ്ടം? ഞാൻ പറഞ്ഞു. "കുറച്ചുനാളത്തേക്കു മതി. മഴ പെയ്യുമ്പോൾ തിരിച്ചുവരാം. ധാന്യം വിളയട്ടെ. അത്തിമരങ്ങളിൽ പ്രാവുകൾ കുറുകട്ടെ. അല്ല, നമ്മുടെ മക്കൾ മഹ്‌ലോനും കില്യോനും വളർന്നുവരികയല്ലേ? അവരുടെ ഭാവിയും നോക്കേണ്ടതല്ലേ?" ഒടുവിൽ അദ്ദേഹം സമ്മതിച്ചു. ഇവിടെനിന്ന് ഏതാണ്ടു 90 കിലോമീറ്റർ ദൂരമുള്ള മോവാബിലേക്ക് എല്ലാം കെട്ടിപ്പെറുക്കി നടന്ന് ദിവസങ്ങൾ കഴിഞ്ഞ് അവശരായി മോവാബിലെത്തി. വിടപറയുമ്പോൾ ബന്ധുക്കളുടെ കണ്ണീർ എന്റെ മുഖത്തു വീണു "വീണ്ടും വരാം." എന്നു മാത്രമേ അന്ന് അവരോടു പറഞ്ഞുള്ളൂ.

മോവാബ്യർ ഞങ്ങളെ കരുതിയത് ദൈവത്തിന്റെ കരുണ എന്നല്ലാതെ എന്തു പറയാൻ! വീടു കിട്ടി. കൃഷിസ്ഥലവും കിട്ടി. അവർ ഞങ്ങളെ കരുതലും സ്നേഹവും കൊണ്ടു വീർപ്പുമുട്ടിച്ചു. മണ്ണിൽ പൊന്നുവിളയിക്കുന്ന എലീമേലെക്കിനെയും മക്കളെയും അവർ അസൂയയോടെയാണു നോക്കിയത്. ആ കാലം എത്ര മനോഹരമായിരുന്നു. മക്കളെക്കുറിച്ച് അദ്ദേഹത്തിന് എത്ര സ്വപ്നങ്ങൾ! പക്ഷേ ശാന്തസാഗരം പെട്ടെന്ന് പ്രക്ഷുബ്ദമായി, രാത്രിയിൽ ഒരു വെറും പനിയായിട്ടാണു തുടങ്ങിയത്. നാട്ടുമരുന്നുകൾ ഒന്നും ഫലിച്ചില്ല. മൂന്നാം ദിവസം എന്റെ എലീമേലെക് എന്നെ വിട്ട് നിത്യതയിലേക്കു യാത്രയായി. ഹൃദയത്തിന്റെ പാതി നഷ്ടപ്പെട്ടതുപോലെ. എല്ലാം കേൾക്കാനും എല്ലാം പറയാനും ഒരാളുണ്ടായിരുന്നു. ഞാൻ ചോദിച്ചു. "ദൈവമേ നീ എന്തിനാണ് അദ്ദേഹത്തെ വിളിച്ചത്?" ഉത്തരം ഇല്ല. എന്നിട്ടും ദൈവത്തിൽ ആശ്രയിച്ചു മുമ്പോട്ടു പോയി. ചിലപ്പോൾ മടങ്ങിപ്പോയാലോ എന്നു ചിന്തിച്ചു. അല്ലെങ്കിൽ വേണ്ട. മക്കൾ ഉണ്ടല്ലോ. അവരുടെ ഭാവിക്കായി ഇവിടെ തുടരാം.

അപ്പനെപ്പോലെ തന്നേ മക്കളും മണ്ണിൽ പൊന്നുവിളയിച്ചു. എന്നെ ദുഃഖിപ്പിക്കാതിരിക്കാൻ അവർ എപ്പോഴും ശ്രദ്ധിച്ചു. സമൃദ്ധിയുടെ നാളുകൾ നല്ല കർഷകരായി അവർ ഗ്രാമത്തിൽ പേരെടുത്തു. അരോഗദൃഢഗാത്രരായിരുന്നതുകൊണ്ട് മോവാബിലെ പെൺകുട്ടികളുടെ മാതാപിതാക്കൾ അവരെ നോട്ടമിട്ടു. മഹ്‌ലോനുവേണ്ടി രൂത്ത് എന്ന പെൺകുട്ടിയുടെ പിതാവ് എത്തി. ശാലീനതയും സൗന്ദര്യവും ഭക്തിയും ഒത്തിണങ്ങിയ യുവതി. "അന്യജാതിക്കാരിയല്ലേ എന്നു ഞാൻ സന്ദേഹം പ്രകടിപ്പിച്ചു. അപ്പോൾ മഹ്ലോൻ പറഞ്ഞു. "നമ്മുടെ ജീവനുള്ള ദൈവത്തെക്കുറിച്ച് അമ്മ അവളെ പഠിപ്പിച്ചാൽ മതി." അങ്ങനെ രൂത്തിന്റെ പിതാവ്, മംഗള മുഹൂർത്തത്തിൽ ഗ്രാമവാസികൾ സാക്ഷി നിൽക്കെ, മകളുടെ കൈപിടിച്ച് മഹ്ലോന്റെ കയ്യിൽ ഏൽപ്പിച്ചു. ഇതൊന്നും കാണാൻ എലീമേലെക്കിന്

കഴിഞ്ഞില്ലല്ലോ എന്നോർത്ത് എന്റെ കണ്ണിൽ അശ്രുപൊടിഞ്ഞു. പിന്നെ ആഹ്ലാദ ദിനങ്ങൾ. എന്നു സന്ധ്യയിൽ ഞങ്ങൾ ഒരുമിച്ച് ഭക്തിയോടെ പ്രാർത്ഥിച്ചു. മിസ്രയീമിലെ അടിമത്തത്തിൽനിന്നു വിടുവിച്ച, ചെങ്കടൽ പിളർന്ന, യോർദ്ദാൻ വിഭജിച്ച, മരുഭൂമിയിൽ മന്നാ നൽകിയ, കാടപ്പക്ഷികളെ ഭക്ഷണമായിത്തന്ന ജീവനുള്ള യഹോവയെക്കുറിച്ചു ഞാൻ പഠിപ്പിച്ചു. രൂത്ത് അത് ഏറ്റെടുത്തു. യഹോവയെ ദൈവമായി സ്വീകരിച്ചു. സമർപ്പിച്ചു. ഒറ്റ മനസ്സോടും ഒരു ഹൃദയത്തോടും കൂടെ യുവമിഥുനങ്ങൾ ജീവിക്കുന്നതു കണ്ട് ഞാൻ യഹോവയെ വാഴ്ത്തി.

അധികം കഴിയുംമുമ്പെ  കില്യോനും വിവാഹിതനായി. ഒർപ്പാ എന്നായിരുന്നു പെൺകുട്ടിയുടെ പേര്. അവളും സുന്ദരി ആയിരുന്നു. കാര്യപ്രാപ്തിയുള്ള യുവതി, അവളും ഞങ്ങളുടെ കുടുംബപ്രാർത്ഥനയിൽ പങ്കുചേർന്നു. ജീവനുള്ള ദൈവത്തെ അറിഞ്ഞു. പ്രപഞ്ചസൃഷ്ടി, മോശെയുടെ കയ്യാൽ നടന്ന. അത്ഭുതങ്ങൾ, അബ്രാഹാമിന്റെ ബലി, നോഹയുടെകാലത്തെ വെള്ളപ്പൊക്കം മഴവില്ലിന്റെ അർത്ഥം, യോസേഫിന്റെ വിശുദ്ധ ജീവിതം, ദാനീയേലിന്റെ വിശ്വാസതീക്ഷ്ണത തുടങ്ങി തിരുവെഴുത്തിലെ ജീവൻ തുടിക്കുന്ന ചരിത്രങ്ങൾ ഞാൻ അവർക്കു പറഞ്ഞുകൊടുത്തു.

പക്ഷേ, ഞങ്ങളുടെ സന്തോഷത്തിന്റെ സൂര്യപ്രഭയെ കാർമേഘം വീണ്ടും വന്നു മറച്ചു. അപ്പനെപ്പോലെ ജ്വരം ബാധിച്ച് മഹ്ലോൻ ലോകത്തിൽ നിന്നു മാറ്റപ്പെട്ടു. എന്റെ ഹൃദയം പിളർന്നുപോയി, ആ മുറിവ് ഉണങ്ങുന്നതിനു മുമ്പ് കില്യോനും അതേ രോഗംബാധിച്ച് ഞങ്ങളെ വിട്ടുപിരിഞ്ഞു! സങ്കടക്കടലിൽ മൂന്നു വിധവകൾ! എന്തു ചെയ്യും? എങ്ങോട്ടു പോകും? ആരു സഹായിക്കും? ദൈവം എന്നെ മറന്നോ? നടുക്കടലിൽവെച്ചു തുഴ നഷ്ടപ്പെട്ടുപോയ യാത്രികരെപ്പോലെയായിപ്പോയി! ഒത്തിരിപ്പേർ വന്നു സഹതാപം അറിയിച്ചു. ചിലർ കെട്ടിപ്പിടിച്ചു കരഞ്ഞു. കരഞ്ഞു കരഞ്ഞ് എന്റെ കണ്ണീർ വറ്റി, സന്തോഷത്തിന്റെ ഒരു പച്ചത്തുരുത്തും കാണുന്നില്ല. സൂര്യവെളിച്ചം ഇരുൾ അകറ്റുന്നില്ല ഹൃദയത്തിൽനിന്നും നിരാശയുടെ കറുത്ത കരിമ്പടത്തിൽ ദിനരാത്രങ്ങൾ മറഞ്ഞുപോയി. ഓർത്തില്ല ഒരിക്കലും ഇത്രയും തകരുമെന്ന്!

അങ്ങനെയിരിക്കെ ഒരു വാർത്ത കേട്ടു. ബേത്ലഹേമിൽ മഴപെയ്തു. ധാന്യം വിളഞ്ഞു. ശത്രുക്കളുടെ ആക്രമണം കുറഞ്ഞു. പാടങ്ങൾ പച്ചച്ചു തുടങ്ങി. കിളികൾ വീണ്ടും പാടാൻ തുടങ്ങി. ഹൃദയത്തിൽ പ്രത്യാശയുടെ ഒരു പുതുനാമ്പ് മുളച്ചു. “മടങ്ങിപ്പോകണം. പക്ഷെ ഈ യുവസുന്ദരികളെ എന്തുചെയ്യും? അവരെ മടക്കി അവരുടെ വീടുകളിൽ അയക്കണം. അവർ വീണ്ടും വിവാഹം കഴിച്ച് ധന്യരായിത്തീരട്ടെ എനിക്കുവേണ്ടി അവർ ത്യാഗം ചെയ്യേണ്ട രണ്ടുപേരോടും കാര്യം പറഞ്ഞു. ഒർപ്പാ പറഞ്ഞു. അതേ അമ്മച്ചീ, ഞാൻ വീട്ടിലേക്കു മടങ്ങുന്നു.’ അവൾ കെട്ടിപ്പിടിച്ച് ചുംബനം നൽകി. മടങ്ങിപ്പോയി. രൂത്തും അങ്ങനെ പറയും എന്ന് പ്രതീക്ഷിച്ചു നിൽക്കുമ്പോൾ അവൾ പറഞ്ഞു. “അമ്മച്ചീ നമ്മൾ ഒരുമിച്ചു പാട്ടുപാടി. ഒരുമിച്ചു പ്രാർത്ഥിച്ചു. ജീവനുള്ള ദൈവത്തെ ഞാൻ അമ്മച്ചിയിലൂടെ അറിഞ്ഞു. അതുകൊണ്ട് അമ്മച്ചിയെ വേർപിരിഞ്ഞ് എനിക്കൊരു ജീവിതമില്ല. കഷ്ടത്തിലും സങ്കടത്തിലും ഞാൻ കൂടെ കാണും നിന്റെ ജനത എന്റെ ജനതയാണ്. നിന്റെ ദൈവം എന്റേതുംകൂടിയാണ്.” അമ്മച്ചിയുടെ ഊന്നുവടിയാണ് ഞാൻ” ഞാൻ സ്തംഭിച്ചുപോയി. സ്നേഹച്ചരടിൽ എന്നെ ബന്ധിച്ച് ഭാവിയിലേക്ക് നടത്തുന്ന മരുമകൾ: ഭാവിയെക്കുറിച്ച് തെല്ലും ആശങ്കയില്ല, ബന്ധങ്ങളാണ് ഏറ്റവും വലുതെന്ന് അറിയുന്ന ഭക്തവനിത! ‘ദൈവം അനുഗ്രഹിക്കട്ടെ’ – എന്നല്ലാതെ ഒന്നും പറയാൻ കഴിഞ്ഞില്ല. ജീവനുള്ള ദൈവം തന്റെ പദ്ധതികൾക്കായി ആരെയൊക്കെയാണ് ഒരുക്കുന്നതെന്ന് ആർക്കറിയാം.?

രൂത്തിനെയും കൂട്ടി ഞാൻ ബേത്ലഹേമിലേക്ക് നടക്കുകയാണ്. പകൽ യാത്ര. രാത്രി സത്രങ്ങളിൽ തങ്ങി. കയ്യിൽ ഒരു ചെറിയ ഭാണ്ഡക്കെട്ടു മാത്രം. പട്ടണത്തിലെത്തിയപ്പോൾ പട്ടണം ഇളകി. ഇതു നൊവൊമിയോ’ എന്നു ചോദിക്കത്തക്കവണ്ണം എന്റെ സൗന്ദര്യമെല്ലാം പൊയ്പ്പോയി. കണ്ണുകൾ കുഴിഞ്ഞു. ജരാനരകൾ ബാധിച്ചു. എന്നെ “മാറ” എന്നു വിളിച്ചാൽ മതി എന്നു ഞാൻ അവരോടു പറഞ്ഞു. എലീമേലെക്കിന്റെ പഴയ ഭവനത്തിൽ ജീവിതം തുടങ്ങി. അപ്പോൾ യവത്തിന്റെ കൊയ്ത്തുകാലം. “ഞാൻ കാലാപെറുക്കാൻ പോകട്ടേ.” എന്ന് രൂത്ത് ചോദിച്ചു. എന്നെ പുലർത്താനുള്ള അവളുടെ ആസക്തി, സ്നേഹം, കരുതൽ എല്ലാം ഞാൻ കണ്ടു. ആദ്യദിനം തന്നേ വിസ്മയത്തിന്റെ ദിനം ആയിരുന്നു. കാരണം അവൾ പോയത് ബോവസ് എന്ന മഹാധനികനും എലീമേലെക്കിന്റെ ചാർച്ചക്കാരനുമായ ഹൃദയശുദ്ധിയുള്ള മനുഷ്യന്റെ വയലിൽ ആയിരുന്നു. അവളെ കണ്ട ആദ്യദിനം തന്നേ വിശുദ്ധ പ്രണയത്തിന്റെ മുകുളങ്ങൾ ബോവസിന്റെ ഹൃദയത്തിൽ പൊട്ടിവിടർന്നു. സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളങ്ങൾ രൂത്തിന്റെ ജീവിതത്തിലേക്ക് ബോവസിലൂടെ നീർച്ചാലുപോലെ ഒഴുകാൻ തുടങ്ങി. ഒടുവിൽ വീണ്ടെടുപ്പുകാരനായിത്തീരാൻ ബോവസിന്റെ കാൽക്കൽ പുതപ്പിനുള്ളിൽ അവൾ അഭയംതേടി. മറ്റൊരു വീണ്ടെടുപ്പുകാരന്റെ നിസ്സഹായത ബോവസിന്റെ വീണ്ടെടുപ്പിന് സാദ്ധ്യത ഒരുക്കി. അങ്ങനെ സുന്ദരനും ധനികനും കരുതലിന്റെ മൂർത്തീഭാവവുമായ ബോവസ് സർവ്വരുടെയും സമ്മതത്തോടെ സുന്ദരിയും നിഷ്കളങ്കയും ഭക്തയുമായ രൂത്തിനെ ജീവിതസഖിയാക്കി. ദൈവത്തിന്റെ കരുണയാൽ അവർക്ക് ഒരു ഓമനപുത്രൻ

(ശേഷം പേജ് 30 - ൽ)



സോജ ടോണി

# ദാനീയേൽ

**ഭൗ**തികതലമായാലും ആത്മീകതലമായാലും തെരഞ്ഞെടുപ്പിന് ചില മാനദണ്ഡങ്ങൾ ഉണ്ട്. കഴിവും, പ്രാപ്തിയും, ഗുണങ്ങളും ഉള്ളവർ മാത്രമേ തെരെഞ്ഞെടുക്കപ്പെടുകയുള്ളു.ബാബേൽ രാജാവായ നെബൂഖദ്നേസർ തന്റെ ഷണ്ഡന്മാരിൽ പ്രധാനിയായ അശ്പെനാസിനോട് യിസ്രായേൽമക്കളിൽ രാജസന്തതിയിലുംകുലീനന്മാരിലുംവെച്ച് അംഗഭംഗമില്ലാത്തവരും സുന്ദരന്മാരും അറിവിൽ സമർത്ഥന്മാരും വിദ്യാപരിജ്ഞാനികളും രാജധാനിയിൽ പരിചരിപ്പാൻ യോഗ്യന്മാരും ആയവരെ ഒരുക്കിനിർത്തുവാൻ ആവശ്യപ്പെട്ടു.

ഇവിടെ തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രത്യേകതകൾ ശ്രദ്ധിക്കു.

**1. അംഗഭംഗമില്ലാത്തവർ**

രാജാവ് നിർദ്ദേശിച്ച ഒന്നാമത്തെ യോഗ്യത അംഗഭംഗമില്ലാത്ത, യാതൊരു ഊനവുമില്ലാത്ത ബാലന്മാരെ ആയിരുന്നു. ഒരു ജാതീയ രാജാവ് അംഗഭംഗമുള്ളവരെ നിരസിച്ചുവെങ്കിൽ നിശ്ചയമായും, നമ്മുടെ ദൈവത്തിന്റെ തെരഞ്ഞെടുപ്പ് എങ്ങനെയുള്ളതായിരിക്കും. പഴയനിയമകാലത്ത് ഊനമില്ലാത്ത മൃഗങ്ങളെ ആയിരുന്നു യാഗം കഴിച്ചിരുന്നത്. നമ്മുടെ തെരഞ്ഞെടുപ്പിലും ചില പ്രത്യേകതകൾ ഉണ്ട്. നമ്മുടെ വിളി എങ്ങനെയുള്ളതാണ്? നാം ദൈവസന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആയിരിക്കണം (എഫെ. 1:4). കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിനിറുത്തേണ്ടതിനും തന്നെത്താൻ അവർക്കുവേണ്ടി ഏല്പിച്ചുകൊടുത്തു (എഫെ. 5:27).

ദാനീയേൽ ഊനമില്ലാത്ത വ്യക്തിയായിരുന്നു എന്ന് ദാനീയേൽ. 6:4 ൽ നാം കാണുന്നു. എന്നാൽ യാതൊരു കാരണവും കുറ്റവും കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞില്ല. അവൻ വിശ്വസ്തനായിരുന്നതുകൊണ്ട് ഒരു തെറ്റും കുറ്റവും അവനിൽ കണ്ടെത്തിയില്ല. എത്രയോ അനുഗ്രഹിക്കപ്പെട്ട സാക്ഷ്യമാണിത്. ലോകപ്രകാരം ഉന്നതസ്ഥാനത്ത് എത്തുവാനല്ല മറിച്ച് ദൈവസന്നിധിയിൽ ഉന്നതസ്ഥാനത്ത് എത്തുവാനാണ് നാം ആഗ്രഹിക്കേണ്ടത്.

ദൈവമക്കളായ നമ്മുടെ ജീവിതം ദൈവസന്നിധിയിൽ നേരുള്ളതല്ലെങ്കിൽ നാം ഒരിക്കലും അഭിവൃദ്ധി പ്രാപിക്കില്ല. സന്തോഷകരമായ ക്രിസ്തീയ ജീവിതം അനുഭവിക്കണമെങ്കിൽ നാം ഊനമില്ലാത്ത ജീവിതം നയിക്കണം.

**2. സുന്ദരന്മാർ**

രാജാവ് ആവശ്യപ്പെട്ടത് സുന്ദരന്മാരായ ബാലന്മാരെ ആയിരുന്നു. നമ്മുടെ ദൈവം നമ്മുടെ ആന്തരിക സൗന്ദര്യമാണ് നോക്കുന്നത്. "സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം" (1 പത്രൊ. 3:4). നമ്മുടെ കർത്താവ് സൗമ്യനായാണ് കഴുതക്കുട്ടിയുടെ പുറത്തു കയറി വന്നത്. നമ്മുടെ ജീവിതത്തിലും താഴ്മയും സൗമ്യതയും ധരിക്കുവാൻ നമുക്ക് സാധിക്കണം. കോപവും മത്സരവും ഉപേക്ഷിക്കാം.

എസ്ഥേരിന്റെ പുസ്തകം പഠിക്കുമ്പോൾ "എസ്ഥേരിനെ കണ്ട എല്ലാവർക്കും അവളോടു പ്രീതി തോന്നും" (2:15). സുന്ദരിയായിരുന്നു. കൂടാതെ സൗമ്യതയും വിനയവും ഉള്ളവളായിരുന്നു. "ശമുവേൽ ബാലനോ വളരുന്തോറും യഹോവെക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു" (1 ശമു. 2:26). ദാവീദ് കാര്യാദികളെ വിവേകത്തോടെ നടത്തിയതിനാൽ അവനെ സർവ്വജനത്തിന്നും ബോധിച്ചു. (1 ശമു. 18:5) "യഹോവ യോസേഫിനോടുകൂടെ ഇരുന്നു. കരാഗൃഹപ്രമാണിക്ക്

അവനോടു ദയ തോന്നത്തക്കവണ്ണം അവന്നു കൃപ നല്കി." (ഉൽപത്തി 39:21) ദാനീയേലിന്നു ഷണ്ഡാധിപന്റെ മുമ്പിൽ ദയയും കരുണയും ലഭിച്ചു (ദാനീ. 1:9).

**3. സകലജ്ഞാനത്തിലും നിപുണന്മാർ**

"ലോകപ്രകാരം ജ്ഞാനികളായവരെയാണ് രാജാവിന് വേണ്ടിയിരുന്നത്. നമുക്ക് ഏത് തരത്തിലുള്ള ജ്ഞാനമാണ് വേണ്ടത്? ദൈവത്തിന്റെ ജ്ഞാനം, (1 കൊരി 2:7)"കർത്താവിനോടുള്ള ഭക്തി തന്നേ ജ്ഞാനം (ഇയ്യോബ് 28:28) സ്വർഗ്ഗീയ കാര്യങ്ങൾ ഗ്രഹിക്കുക. സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള യാത്രയാണല്ലോ നമ്മുടേത്. നമ്മുടെ ഭൗതിക നന്മകൾ നാം ഉപയോഗിക്കേണ്ടത് നിത്യതയിലേക്കുള്ള മുതൽമുടക്കായിരിക്കണം. ജീവിതത്തിൽ നാം നേരിടുന്ന കഷ്ടതകളിൽ നാം പതറിപ്പോകാതെ നിത്യതേജസ്സിന്റെ ഘനത്തെ തിരിച്ചറിഞ്ഞ് മുന്നോട്ട് പോകണം. (2 കൊരി 4:17). "ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകലജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു." (കൊലൊ. 1:28)

ദാനീയേലിന്റെ ജീവിതത്തിൽ സിംഹത്തിന്റെ ഗുഹയിൽ, തന്നെ എറിഞ്ഞ രാജാവിനോടുള്ള പ്രതികരണം ശ്രദ്ധിക്കുമ്പോൾ ക്ഷമിക്കുന്ന സ്നേഹത്തെ നമുക്കു ദർശിക്കുവാൻ സാധിക്കും. ലോകത്തിലെ ഏറ്റവും വലിയ ജ്ഞാനിയായിരുന്നു ശലോമോൻ. യെരൂശലേം ദൈവാലയം പണിയുവാൻ ആ ജ്ഞാനം ആവശ്യമായിരുന്നു. ശലോമോനെക്കാൾ കൂടുതൽ ജ്ഞാനം നമുക്കു വേണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

**4. അറിവിൽ സമർത്ഥന്മാർ**

ക്രിസ്തുയേശുവിനെ നാം അറിയണം. ദാനീയേൽ തന്റെ ദൈവത്തെ അറിഞ്ഞിരുന്നു. യഥാർത്ഥമായി ദൈവത്തെ പ്രസാദിപ്പിക്കണമെങ്കിൽ ദൈവത്തിന്റെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും എല്ലാം നാം അറിയണം. ശൗൽ യേശുവിനോട് ചോദിച്ചു. "നീ ആരാകുന്നു" യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ പൗലൊസായിത്തീർന്ന ശൗൽ ജീവിതം യഥാർത്ഥമായി അറിഞ്ഞു. യഥാർത്ഥമായി ജീവിച്ചു. എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു (ഫിലി. 3:8) താൻ നേടിയതെല്ലാം അപ്പൊസ്തലൻ ചപ്പും ചവറും എന്നെണ്ണി.

എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറെച്ചുനിന്നു വീര്യം പ്രവർത്തിക്കും (ദാനീ. 11:32) നമ്മുടെ കൃപയും സമാധാനവും വർദ്ധിക്കുന്നത് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലൂടെയാണ് (2 പത്രൊസ് 1:2).

**5. വിദ്യപരിജ്ഞാനികൾ**

ദൈവമക്കൾക്ക് വിദ്യ ലഭിക്കുന്നത് വിശുദ്ധ ബൈബിളിലൂടെയാണ് അതായത് ദൈവവചനത്തിലൂടെയാണ്. വിശുദ്ധവചനം വായിച്ച്, ധ്യാനിച്ച് ഗ്രഹിക്കുവാൻ നമുക്ക് സാധിക്കണം. "നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ തുറക്കേണമേ" (സങ്കീ 119:18). "ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊ. 3:16). ദാനീയേൽ ദൈവത്തെ സംബന്ധിച്ചുള്ളതല്ലാതെ മറ്റൊരു കാര്യവും കണ്ടെത്തുകയില്ല എന്നു പറഞ്ഞു 6–ാം അദ്ധ്യായത്തിൽ അത് നമുക്ക് കാണാം.

**6. രാജധാനിയിൽ പരിചരിപ്പാൻ യോഗ്യന്മാർ**

നല്ല യോഗ്യതയുള്ളവരെ മാത്രമേ രാജധാനിയിൽ ശുശ്രൂഷിപ്പാൻ തെരഞ്ഞെടുക്കുകയുള്ളൂ. പ്രവൃത്തിയിൽ സാമർത്ഥ്യമുള്ള പുരുഷനെ നീ കാണുന്നുവോ? അവൻ രാജാക്കന്മാരുടെ മുമ്പിൽ നിൽക്കും; നീചന്മാരുടെ മുമ്പിൽ അവൻ നിൽക്കയില്ല (സദൃശ. 22:24) കർത്താവിന്റെ ശുശ്രൂഷകർ "ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" (റോമർ 12:11)

**7. കൽദയരുടെ വിദ്യയും ഭാഷയും അഭ്യസിച്ചവർ**

23–ാം സങ്കീർത്തനത്തിൽ ദാവീദ് പറയുന്നത് തന്നെ നടത്തുന്നതും കിടത്തുന്നതും പ്രാണനെ തണുപ്പിക്കുന്നതും എല്ലാം തന്റെ ദൈവമാണെന്നാണ്. "താൻ വല്ലതും അറിയുന്നു എന്ന് ഒരുത്തന്നു തോന്നുന്നു എങ്കിൽ അറിയേണ്ടതുപോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല" (1 കൊരി. 8:2). കർത്താവേ നീ എന്നെ പഠിപ്പിക്കേണമെ എന്ന് ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം സൗമ്യതയുള്ളവർക്കു തന്റെ വഴി പഠിപ്പിച്ചുകൊടുക്കുന്നു (സങ്കീ 25:9)

മേൽപ്പറഞ്ഞ ഏഴ് യോഗ്യതകളും നമ്മുടെ ജീവിതത്തിലും ഉണ്ടായിരിക്കണം. ദാനീയേലിന്റെ ജീവിതത്തിൽ ദാനീയേലിന്റെ ദൈവം പ്രാപ്തനായിരുന്നതുപോലെ നമ്മുടെ ജീവിതത്തിലും അധികമായി ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം പൂർണ്ണമായും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. വീഴാതെ താങ്ങുവാൻ മാറോടണക്കുവാൻ കർത്താവ് കാത്തിരിക്കുന്നു.

"വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനാണ്" (യൂദാ 24) നമ്മുടെ ദൈവം. ദൈവം അനുഗ്രഹിക്കട്ടെ.! ■■■



യൂത്ത് കോർണർ



Rev. ബേസിൽ ജോർജ്

# അടയാളം തിരയുന്നവർ

"ജീവിതത്തിലെ കുഴക്കുന്ന പ്രശ്നങ്ങളുടെ നടുവിൽ ദൈവം എന്തെങ്കിലുമൊരു അടയാളം കാണിച്ചുതന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു." ഇപ്രകാരം ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകില്ല. അങ്ങനെ ആഗ്രഹിക്കുന്ന നിമിഷം മുതൽ ആകാശത്തിലും ഭൂമിയിലും നാം അടയാളം തിരയാൻ തുടങ്ങും. പലപ്പോഴും വലിയ അപകടത്തിലേക്ക് ചെന്ന് ചാടുകയും ചെയ്യും.

അവധിക്കാലം ആഘോഷിക്കാൻ യൂറോപ്പിലേക്ക് പോകുന്നത് ദൈവഹിതമാണോ എന്നറിയാൻ ഒരു സ്ത്രീ ആഗ്രഹിച്ചു. ദൈവം എന്തെങ്കിലുമൊരു അടയാളം കാണിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. അടുത്ത ദിവസം രാവിലെ എഴുന്നേറ്റപ്പോൾ ഡിജിറ്റൽ ക്ലോക്കിലെ സമയം 7:47 എന്ന് കാണിച്ചിരിക്കുന്നത് കണ്ടു. അതൊരു അടയാളമായിട്ടവർ എടുക്കുകയും അടുത്ത ദിവസം 747-ാം നമ്പർ വിമാനത്തിൽ യൂറോപ്പിലേക്ക് പോവുകയും ചെയ്തു. പലപ്പോഴും സാഹചര്യങ്ങളെ നമുക്കനുകൂലമായി വായിച്ചാണ് അടയാളം തിരയുന്നവർ, അബദ്ധ തീരുമാനങ്ങളിലേക്ക് നീങ്ങുന്നത്. ഒരിക്കൽ ഒരു യാത്രക്കൊരുങ്ങിയ ഒരാൾ മഴ പെയ്തത് കണ്ട് തന്റെ ഉദ്യമത്തിൽനിന്നും പിന്മാറി, കാരണം തന്റെ യാത്ര ദൈവഹിതമല്ല എന്നതിന്റെ അടയാളമായിട്ടാണ് അദ്ദേഹം മഴയെ കണ്ടത്.

ബൈബിളിൽ ദൈവത്തോട് അടയാളം ചോദിച്ച ഒരു സംഭവം ന്യായാധിപന്മാരുടെ പുസ്തകം ആറാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. മിദ്യാന്യരെ ഭയന്ന് മുന്തിരിച്ചക്കിനരികെവെച്ച് ഗോതമ്പ് മെതിച്ചുകൊണ്ടിരിക്കുന്ന ഗിദെയോനാണ് ദൈവദൂതനോട് അടയാളം ചോദിച്ചത്. മിദ്യാന്യരുടെ കയ്യിൽനിന്നും യിസ്രായേലിനെ വിടുവിക്കുവാനുള്ള നിയോഗമാണ് ദൈവം ഗിദെയോനെ ഏൽപ്പിച്ചത്. എന്നാൽ ഭയചകിതനായ ഗിദെയോന് ആ നിയോഗം ഏറ്റെടുക്കുവാനുള്ള വിശ്വാസമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ദൈവമാണ് തന്നോട് സംസാരിക്കുന്നതെന്ന് ഉറപ്പുവരുത്താൻ അവൻ ഒരു അടയാളം ചോദിച്ചു. എന്തായിരുന്നു ആ അടയാളം?

"ഞാൻ രോമമുള്ള ഒരു ആട്ടിൻതോൽ കളത്തിൽ നിവർത്തിടുന്നു; മഞ്ഞു തോലിന്മേൽ മാത്രം ഇരിക്കയും നിലമൊക്കെയും ഉണങ്ങിയിരിക്കയും ചെയ്താൽ നീ അരുളിച്ചെയ്തതുപോലെ യിസ്രായേലിനെ എന്റെ കയ്യാൽ രക്ഷിക്കുമെന്നു ഞാൻ അറിയും എന്നു പറഞ്ഞു. അങ്ങനെ തന്നേ സംഭവിച്ചു; അവൻ പിറ്റെന്നു അതികാലത്തു എഴുന്നേറ്റു തോൽ പിഴിഞ്ഞു, മഞ്ഞുവെള്ളം ഒരു കിണ്ടി നിറെച്ചെടുത്തു. ഗിദെയോൻ പിന്നെയും ദൈവത്തോടു: നിന്റെ കോപം എന്റെ നേരെ ജ്വലിക്കരുതേ; ഞാൻ ഒരിക്കലുംകൂടെ സംസാരിച്ചുകൊള്ളട്ടെ; തോൽകൊണ്ടു ഒരു പരീക്ഷകൂടെ കഴിച്ചുകൊള്ളട്ടെ; തോൽ മാത്രം ഉണങ്ങിയും നിലമൊക്കെയും മഞ്ഞുകൊണ്ടു നനഞ്ഞുമിരിപ്പാൻ അരുളേണമേ എന്നു പറഞ്ഞു. അന്നു രാത്രി ദൈവം അങ്ങനെ തന്നേ ചെയ്തു; തോൽ മാത്രം ഉണങ്ങിയും നിലമൊക്കെയും മഞ്ഞുകൊണ്ടു നനെഞ്ഞുമിരുന്നു." (ന്യായ. 6:37-40).

രണ്ടുവട്ടമാണ് ഗിദെയോൻ ദൈവത്തോട് അടയാളം ചോദിച്ചത്. ഈ രണ്ടു പ്രാവശ്യവും സ്വാഭാവികമായി സംഭവിക്കാൻ സാദ്ധ്യമല്ലാത്ത അടയാളമാണ് അവൻ ചോദിച്ചത്. മഞ്ഞ് തോലിന്മേൽ മാത്രം ഇരിക്കുകയും ചുറ്റുമുള്ള നിലം ഉണങ്ങിയിരിക്കുകയും ചെയ്യുക എന്നത് അസംഭവ്യമാണ്. രണ്ടാമത്തെ പ്രാവശ്യം തോൽ മാത്രം ഉണങ്ങിയിരിക്കുകയും നിലം മഞ്ഞ് വീണ് നനയുകയും ചെയ്യുക എന്നതും തികച്ചും അസംഭവ്യമാണ്. അതുകൊണ്ട്തന്നെ ദൈവിക ഇടപെടലിനെ ഉറപ്പിക്കുന്ന അടയാളമാണ് ഗിദെയോൻ ചോദിച്ചതെന്ന് നിസ്സംശയം പറയാൻ കഴിയും.

എന്നാൽ ബൈബിൾ പൊതുവെ പഠിപ്പിക്കുന്നത് അടയാളം ചോദിക്കുന്നതിന് അനുകൂലമായിട്ടല്ല. യേശുവിന്റെ അടുക്കൽ വന്ന് അടയാളം ചോദിച്ച ശാസ്ത്രിമാരോടും പരീശന്മാരോടും യേശു പറഞ്ഞത്. "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു" (മത്താ 12:38,39) എന്നാണ്. അടയാളം തിരയുന്നവർ ദൈവത്തെ പരീക്ഷിക്കുകയാണെന്ന് തിരുവചനം നമ്മെ ഓർപ്പിക്കുന്നു (ലൂക്കൊ 11:16). യെഹൂദന്മാർ അടയാളം തിരയുന്നതിനെ വിമർശനാത്മകമായിട്ടാണ് പൌലൊസപ്പൊസ്തലനും സമീപിക്കുന്നത് (1 കൊരി 1:21-24). അടയാളങ്ങളുടെ ഒരു വലിയ പരിമിധി സാത്താനും അവയെ ചെയ്വാൻ കഴിയും എന്നുള്ളതാണ്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും (മത്താ 24:24, 2 തെസ്സ 2:9).

അതേസമയം തന്നേ അടയാളം ചോദിക്കാത്തതിന് യെഹൂദാരാജാവായ ആഹാസിനെ ദൈവം ശാസിക്കുകയും ഒരു അടയാളം കൊടുത്തതായും യെശയ്യാപ്രവചനത്തിൽ നാം വായിക്കുന്നുണ്ട്. (7:10-16) പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ ദൈവജനത്തിന്റെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും അവരെ അനുസരണത്തിലേക്ക് നയിക്കേണ്ടതിനും ദൈവം തന്നേ അനേകം അടയാളങ്ങൾ ചെയ്തിട്ടുണ്ട്. (പുറപ്പാട് 4;1-9; ആവർത്തനം 4:32-35, യോഹന്നാൻ 2:11-23) അപ്പൊസ്തലന്മാരിലൂടെ അനേകം അടയാളങ്ങൾ ചെയ്ത് സുവിശേഷത്തെ ഉറപ്പിച്ചു (അപ്പൊ. പ്രവൃ. 2:2-4, 43; 4:24-31; 6:8)

അങ്ങനെയെങ്കിൽ ദൈവഹിതം അറിയുവാൻ അടയാളങ്ങൾ ചോദിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

**1. കുറുക്കുവഴി തേടലാകരുത്**

ജോലിക്കയറ്റം ലഭിക്കുവാൻ ആഗ്രഹിക്കുമ്പോൾ തന്നേ അതിനുവേണ്ടി പരിശ്രമിക്കാതെ, പ്രാർത്ഥിച്ച്, ദൈവഹിതമാണെങ്കിൽ കിട്ടട്ടെ എന്ന മനോഭാവത്തോടെ നാം അടയാളങ്ങൾ തേടരുത്. അടയാളം ലഭിക്കാതെവരുമ്പോൾ അത് ദൈവഹിതമല്ലെന്ന് ചിന്തിച്ച് പരിശ്രമിക്കാതിരിക്കുകയും ചെയ്യുന്നത് വലിയ അബദ്ധമാണ്. നമ്മുടെ ഉത്തരവാദിത്വങ്ങൾ കഠിനപരിശ്രമം നടത്തി പൂർത്തിയാക്കുകയും അതോടൊപ്പം ദൈവഹിതത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

**2. വെളിപ്പെട്ട ദൈവഹിതത്തെ അവഗണിക്കുവാനാകരുത്.**

ദൈവവചനത്തിൽ അനുസരണത്തിനായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അനുസരിക്കാൻ മനസ്സില്ലാതെ "ഞാൻ അത് ചെയ്യണമെങ്കിൽ ദൈവം എനിക്കൊരു അടയാളം തരട്ടെ." എന്ന് പറയുന്ന അനേകരുണ്ട്. തിരുവചനത്തിലെ കാര്യങ്ങളെ ചോദ്യംചെയ്യാതെ അനുസരിക്കുകയാണ് നാം ചെയ്യേണ്ടത്. യിസ്രായേലിനെ ശപിക്കുവാനായി ബാലാക് ബിലെയാമിനെ ക്ഷണിച്ചപ്പോൾ ദൈവം അവനെ വിലക്കിയതാണ്. എന്നാൽ രണ്ടാമതും ബാലാക് ഉന്നതന്മാരെ പറഞ്ഞയച്ചപ്പോൾ ദൈവത്തെ അനുസരിക്കാൻ മനസ്സില്ലാതെ അവൻ വീണ്ടും പ്രാർത്ഥിക്കുകയും അത് അവന് കെണിയായിത്തീരുകയും ചെയ്തു. (സംഖ്യാപുസ്തകം 22-ാം അദ്ധ്യായം)

**3. നമ്മുടെ തീരുമാനത്തെ സാധൂകരിക്കാനാകരുത്.**

നമ്മൾ എടുത്തുകഴിഞ്ഞ തീരുമാനങ്ങളെ സാധൂകരിക്കാനായി അടയാളം അന്വേഷിച്ചാൽ മുമ്പിൽ കാണുന്നതെല്ലാം അടയാളമായി തെറ്റിദ്ധരിക്കാൻ സാദ്ധ്യതയുണ്ട്. ബൈബിളിലെ വാക്യങ്ങൾ വായിക്കുമ്പോൾ അതെല്ലാം നമ്മുടെ തീരുമാനത്തെ ശരിവെക്കുന്നതായി തോന്നാം.

**4. കാത്തിരുപ്പ് ഒഴിവാക്കാനാകരുത്.**

ദൈവഹിതത്തിനായി കാത്തിരിക്കാൻ മനസ്സില്ലാതെ നാം പലപ്പോഴും എടുത്ത്ചാടാറുണ്ട്. തിരക്കുപിടിച്ച് അടയാളം തിരയുകയും കാണുന്നതിനെയൊക്കെ അടയാളമാണെന്ന് തെറ്റിദ്ധരിക്കാനും സാദ്ധ്യതയുണ്ട്. ഒടുവിൽ അബദ്ധങ്ങളിൽ ചെന്ന് ചാടുകയും ചെയ്യും. പലപ്പോഴും ശരിയായ തീരുമാനങ്ങൾ തെറ്റായ സമയത്തെടുത്താൻ അത് തെറ്റായ തീരുമാനമാകും. അതുകൊണ്ട് ദൈവഹിതം തിരിച്ചറിയാനായി കാത്തിരിക്കാം.

ദൈവഹിതം അറിയാതെയിരിക്കുമ്പോൾ അത് വ്യക്തമാക്കിത്തരുവാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നതിൽ യാതൊരു തെറ്റുമില്ല. ദൈവമത് അടയാളങ്ങളിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ വെളിപ്പെടുത്തും. അതിനാൽ നമുക്ക് ദൈവഹിതത്തിനായി കാത്തിരിക്കാം. പ്രാർത്ഥിക്കാം. ■■■



ടീച്ചർ



ആലീസ് ബേബി

# കുരുവിപ്പക്ഷിയും മാമ്പഴവും

ഒരു മാവിൻകൊമ്പിൽ ചിക്കു എന്നൊരു കുരുവി പക്ഷി താമസിച്ചിരുന്നു. ആ മാവിൽ നിറയെ പച്ചമാങ്ങകൾ തൂങ്ങിക്കിടക്കുന്നതു കണ്ട് ചിക്കുവിന് കൊതിയായി. ചിക്കു ഒരു മാങ്ങയുടെ അടുത്ത് ചെന്ന് അത് കൊത്തിത്തിന്നാൻ നോക്കി. പക്ഷേ മാങ്ങക്കു നല്ല പുളി! ചിക്കുവിന് അത് ഒട്ടും ഇഷ്ടപ്പെട്ടില്ല. അപ്പോൾ മാവിൽ ഇരുന്നിരുന്ന ഒരു കുഞ്ഞിത്തത്തമ്മ പറഞ്ഞു 'ചിക്കു ഇപ്പോൾ ഇത് തിന്നാൻ നോക്കേണ്ട ഇതിന് ഒട്ടും മധുരമുണ്ടാകില്ല. കുറച്ചുദിവസംകൂടി ക്ഷമയോടെ കാത്തിരിക്കൂ. പക്ഷേ ചിക്കുവിന് അത്രയും കാത്തിരിക്കാൻ വയ്യായിരുന്നു. അടുത്തദിവസവും അവൻ മറ്റൊരു മാങ്ങ കൊത്തിനോക്കി. അപ്പോഴും അതേ പുളി! ഈ മാങ്ങക്ക് എന്നെങ്കിലും മധുരം വരുമോ? എന്ന് ചോദിച്ച് ദേഷ്യപ്പെട്ട് അവിടെനിന്നും മറ്റൊരിടത്തേക്ക് പറന്നു പോയി.

എന്നാൽ തത്തമ്മ അവിടെത്തന്നെ ക്ഷമയോടെ കാത്തിരുന്നു. ദിവസങ്ങൾ കടന്നുപോയി. പച്ചമാങ്ങകൾ പതുക്കെ പതുക്കെ പഴുത്ത് മഞ്ഞനിറമായി മാറി. മാമ്പഴത്തിന്റെ കൊതിപ്പിക്കുന്ന മണം കാറ്റിൽ പടർന്നു. ദൂരെനിന്ന് മണം കിട്ടിയ ചിക്കു പറന്ന് വന്നു. മഞ്ഞനിറത്തിലുള്ള ഒരു മാമ്പഴം കൊത്തിനോക്കിയപ്പോൾ അതാ തേൻതുള്ളി പോലെ മധുരം!

"തത്തമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു. കണ്ടോ ചിക്കൂ, നീ അന്ന് ദേഷ്യപ്പെട്ട് പറന്നു പോയപ്പോൾ ഈ മാങ്ങയ്ക്ക് മധുരമുണ്ടായിരുന്നില്ല.

പക്ഷേ ക്ഷമയോടെ കാത്തിരുന്നപ്പോൾ പ്രകൃതി അതിനെ മധുരമുള്ളതാക്കി മാറ്റി. ഇപ്പോൾ നമുക്ക് മധുരമുള്ള മാമ്പഴം കഴിക്കുന്നതിന് സാധിച്ചു.

പ്രിയപ്പെട്ടവരെ, ക്ഷമയോടെ കാത്തിരിക്കുന്നത് എപ്പോഴും നല്ലതാണ്. ക്ഷമയോടെ കാത്തിരുന്നാൽ നല്ല ഫലം അനുഭവിപ്പാൻ നമുക്ക് സാധിക്കും.

"ദീർഘക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ." (സദൃശവാക്യങ്ങൾ 16:32)

"ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു." (സദൃശവാക്യങ്ങൾ 16:29)

ക്ഷമാശീലം ഉള്ളവരായി വളരാൻ ദൈവം നമ്മെ സഹായിക്കട്ടെ....

# 2026 മാർച്ച്

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 05. 03. 2026 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 06. 03. 2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | കൂഴൂർ (പൊക്കാട്ട് ശ്രീ. ബേബി ജോർജിന്റെ ഭവനം) |
| 07. 03. 2026 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 14. 03. 2026 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| 15. 03. 2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്ലഹേം) | വെങ്ങോല (വണ്ടാനത്തിൽ ശ്രീ. ബാബു സൈമൺ ന്റെ ഭവനം) |
| 19. 03. 2026 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | കുറുപ്പംപടി (പാർവേലിക്കുടി ശ്രീ. പി.പി. പൗലോസിന്റെ ഭവനം) |
| 21. 03. 2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 26. 03. 2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനയോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി.വി. ജോസഫിന്റെ ഭവനം) |
| 27. 03. 2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | വായ്ക്കര (പാലത്തിങ്കൽ ശ്രീ. പി.എം. എൽദോസിന്റെ ഭവനം) |
| 28. 03. 2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | കടമറ്റം (നാതുരുത്തേൽ ശ്രീ. ലിസ്സി സാബുവിന്റെ ഭവനം) |

# 18 – ാമത് ഐക്യ സുവിശേഷയോഗത്തോടനുബന്ധിച്ച് നടന്ന മേഖല യോഗങ്ങളിൽ നിന്ന്



തട്ടാംമുകൾ



വലംമ്പൂർ



പുറ്റുമാനൂർ



ആലുവ



മേതല



അൽഷാറ, തൃശ്ശൂർ

# പ്രാർത്ഥനയോടെ... ആത്മനിറ

## 18–ാമത് ഐക്യസുവ

ദൈവത്തിന്റെ വലിയ കൃപയാൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ 18–ാമത് ഐക്യസുവിശേഷയോഗം അല്ലപ്രയിലുള്ള മി
മുതൽ 1 മണിവരെ വനിതാസംഗമവും എൽഡേഴ്സ് ഫെല്ലോഷിപ്പിന്റെ വാർഷികവും, ബൈബിൾ ക്ലാസ്സും, സുവിശേഷക
രായ Br. വർഗ്ഗീസ് തോമസ്, Rev. അനീഷ്, പി.ജോസഫ്, Br. ഡെനീഷ് ഇ.ജോസഫ്, Dr. വി.പി. മത്തായി വാലയിൽ തു
നിർവ്വഹിച്ചു. വൈദീകർ, പാസ്റ്റർമാർ, വിവിധ സഭകൾക്കും സംഘടനകൾക്കും നേതൃത്വം കൊടുക്കുന്നവർ, മിഷൻ പ്രവ
സുവിശേഷയോഗങ്ങളിൽ വ്യാപരിച്ച ദൈവകൃപക്കായി നന്ദി പറയുന്നു. കൂടാതെ പ്രാർത്ഥിക്കുകയും സഹകരിക്കുകയും സ
അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ!!!



Br. വർഗ്ഗീസ് തോമസ്



Rev. അനീഷ് പി. ജോസഫ്



Br. ഡെനീഷ് ഇ. ജോസഫ്




Dr. വി.പി. മത്തായി വാലയിൽ



മറ്റ് ശുശ്രൂഷകൾക്ക്



Rev. കുര്യൻ അലക്സാണ്ടർ



Rev. ജോർജ്ജ് ജേക്കബ്



Rev. റ്റി. എസ്. സ്ക്കറിയ



ശ്രീ. സി.സി. ജോസഫ്



Dr. സി.വി. കുര്യാക്കോസ്




ശ്രീ. പി.വി. ജോസഫ്



ശ്രീ. ബേബി ജോർജ്ജ്



ശ്രീ. എൽദോ പോൾ



ശ്രീ. റ്റി.

# ...വോടെ... പുത്തൻ ഉണർവ്വോടെ...

## ...വിശേഷയോഗം 2026

...ഷൻ സെന്ററിൽ വച്ച് 2026 ജനുവരി 28 മുതൽ 31 വരെ നടത്തപ്പെട്ടു. ഇതോടൊപ്പം രാവിലെ 10 മണി ...ഗോസ്പൽ ടീം സംഗമവും നടത്തപ്പെട്ടു. സുവിശേഷയോഗങ്ങളിൽ കർത്താവിന്റെ ശുശ്രൂഷയിൽ പ്രസിദ്ധ ...ടങ്ങിയവർ വചന ശുശ്രൂഷ നടത്തി. മിഷന്റെ സംഗീത വിഭാഗമായ 'ഗോസ്പൽ മെലഡീസ്' ഗാനശുശ്രൂഷ ...ർത്തകർ, സഹകാരികൾ തുടങ്ങിയവരും ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും പങ്കെടുത്തു. ...സാമ്പത്തിക കാര്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി അറിയിക്കുയും


പി. വി. ജോസഫ്
പ്രോഗ്രാം
ഓർഗനൈസർ



ഗോസ്പൽ മെലഡീസ്




### ...നേതൃത്വം നൽകിയവർ


...ബിജു
...കെ.


ശ്രീ. ജോസ് ജെ.


ശ്രീ. ജോസ്
റ്റി. എസ്.


ശ്രീ. പൗലോസ്
ഒ.ജെ.


ശ്രീ. റ്റി.കെ.
വർഗ്ഗീസ്


ശ്രീ. ജയിംസ്
കുര്യൻ


ശ്രീ. എൽദോ
പോൾ


ശ്രീ. സജി
കെ. എസ്.


ശ്രീ. ജോസഫ്
തൃക്കളത്തൂർ

# സുവിശേഷകസംഗമം



# എൽഡേഴ്സ് ഫെലോഷിപ്പ്




# വനിതാസംഗമം





ദൈവകൃപയാൽ 2026 ജനുവരി 29, 30, 31 തീയതികളിൽ 10 മണി മുതൽ 1 മണി വരെ അല്ലപ്ര മിഷൻ സെന്ററിൽ വച്ച് മിഷന്റെ വിവിധ പോഷകസംഘടനകളുടെ വാർഷികവും ബൈബിൾ ക്ലാസ്സും നടത്തപ്പെട്ടു. വിവിധ ശുശ്രൂഷകൾക്ക് അനുഗ്രഹീത ദൈവദാസന്മാർ നേതൃത്വം കൊടുത്തു. മിഷന്റെ പ്രവർത്തകരും ചുമതലക്കാരും ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി പ്രവർത്തിച്ചു. സാന്നിദ്ധ്യംകൊണ്ടും പ്രാർത്ഥനകൊണ്ടും സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി. ദൈവം അനുഗ്രഹിക്കട്ടെ.

# ഓറിയന്റേഷൻ ക്ലാസ്സ്



Rev. ഷിബു കുര്യൻ



Br. ജോൺ തോമസ്



Br. ജിബി കുരുവിള



Dr. വി. പി. മത്തായി വാലയിൽ

നമ്മുടെ മിഷന്റെ പ്രവർത്തകർക്കും, ഓഫീസ് സ്റ്റാഫിനും വേണ്ടി ആദ്യത്തെ ഓറിയന്റേഷൻ ക്ലാസ്സ് ജനുവരി 6, 7 (ചൊവ്വ, ബുധൻ) തീയതികളിൽ അല്ലപ്ര മിഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ക്ലാസ്സിന് Rev. ഷിബു കുര്യൻ (MTC Seminary, Kottayam) Br. ജോൺ തോമസ് (Missions India, Thiruvalla) Br.ജിബി കുരുവിള (Co-ordinator Transform for life) Dr. വി. പി. മത്തായി വാലയിൽ (Director EGM of India) എന്നീ ദൈവദാസന്മാർ നേതൃത്വം നൽകി. ഒടുവിൽ എല്ലാവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വളരെ അനുഗ്രഹീതമായി ക്ലാസ്സ് പൂർത്തീകരിച്ച് സന്തോഷത്തോടെ പിരിയാൻ ദൈവം സഹായിച്ചു.



# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 21–23 അദ്ധ്യായങ്ങൾ, മർക്കൊസ് 12–ാം അദ്ധ്യായം** |
| മിഷൻ ഫീൽഡ് | : | ആന്ധ്രാപ്രദേശ് (വിശാഖപട്ടണം) |
| പ്രവർത്തകർ | : | സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മധുഷ്ന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 02

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 24–26 അദ്ധ്യായങ്ങൾ, മർക്കൊസ് 13–ാം അദ്ധ്യായം** |
| മിഷൻ ഫീൽഡ് | : | അരുണാചൽ പ്രദേശ് (ബോംഡില) |
| പ്രവർത്തകൻ | : | പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 03

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 27–29 അദ്ധ്യായങ്ങൾ, മർക്കൊസ് 14–ാം അദ്ധ്യായം** |
| മിഷൻ ഫീൽഡ് | : | അസം (ബൊംഗൈഗാവ്) |
| പ്രവർത്തകർ | : | വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ), അജിത്ത് കുമാർ റാവു |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 04

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 30–32 അദ്ധ്യായങ്ങൾ, മർക്കൊസ് 15–ാം അദ്ധ്യായം** |
| മിഷൻ ഫീൽഡ് | : | ബീഹാർ (പൂർണ്ണിയ) |
| പ്രവർത്തകർ | : | ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ് |
| വിഷയങ്ങൾ | : | തൽമയി - കൈ ഒടിഞ്ഞു സൗഖ്യത്തിനായും, സുനിത ഭഗവാൻ - വേർപിരിഞ്ഞ് താമസിക്കുന്നു. കുടുംബജീവിതം അനുഗ്രഹിക്കപ്പെടുവാനായും, ഛോട്ടേലാൽ - മക്കളില്ലാതെ ഭാരപ്പെടുന്നു. ദൈവം തലമുറയെ നൽകുന്നതിനായും പ്രാർത്ഥിക്കാം. |

## 05

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 33, 34 അദ്ധ്യായങ്ങൾ, മർക്കൊസ് 16–ാം അദ്ധ്യായം** |
| മിഷൻ ഫീൽഡ് | : | ബീഹാർ (പൂർണ്ണിയ) |
| പ്രവർത്തകർ | : | ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ) |
| വിഷയങ്ങൾ | : | മഞ്ജു - മകളെ കാൺമാനില്ല, തിരികെ കണ്ടെത്തുവാനും, തുളസി - വാർദ്ധക്യസഹജമായ രോഗങ്ങൾ സൗഖ്യത്തിനായും, ഹർഷ്, പ്രതിക്യ - പഠനത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം. |

## 06

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 35, 36 അദ്ധ്യായങ്ങൾ, ആവർത്തനപുസ്തകം 1, 2 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ബീഹാർ (കട്ടിഹാർ) |
| പ്രവർത്തകർ | : | ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ) |
| വിഷയങ്ങൾ | : | ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, സുവിശേഷവേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

## 07

| | | |
|---|---|---|
| വായനഭാഗം | : | **ആവർത്തനപുസ്തകം 3, 4 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ബീഹാർ (കട്ടിഹാർ) |
| പ്രവർത്തകർ | : | കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 08

**വായനഭാഗം : ആവർത്തനപുസ്തകം 5, 6 അദ്ധ്യായങ്ങൾ, ലൂക്കൊസ് 1–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരായൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : ശീതള - വയറുവേദന, ബഹ്റ, ആശിഷ് - ശ്വാസതടസ്സം, ഇത്വാരി - ഹൃദയത്തിൽ കാൻസർ, ചന്ദ്രപ്രകാശ് - ശരീര വേദന, സുകൃത അപസ്മാരം, സുമിത്ര - ഒരുവശം തളർന്നു. സുലോചന - 22 വർഷമായി വയറുവേദന, ഇവരുടെ സൗഖ്യത്തിനായും, ബീഹാരി, രാഹുൽ, രമേഷ്, ഗോവിന്ദ് - മാനസാന്തരത്തിനായും, രത്നി - തക്കതുണക്കായും, പ്രീതി - സാത്താന്യബന്ധനം വിടുതലിനായും, ത്രിലോചൻ, സഞ്ജു, ദിവ്യ, സംഗീത - കുടുംബത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം : ആവർത്തനപുസ്തകം 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : ശ്യാമ - സുഖപ്രസവത്തിനായും, സുവിശേഷ വിരോധികളുടെ പ്രവർത്തനങ്ങളിൽനിന്നുള്ള വിടുതലിനായും ആരാധനാലയത്തിന്റെ പണി തടസ്സമില്ലാതെ നടക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം : ആവർത്തനപുസ്തകം 9, 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : ഗംഗാപുരയിൽ സ്നാനമേൽക്കാൻ ഒരുങ്ങുന്ന വിശ്വാസികൾക്കായും, കിഷൻ ഭായി - വിശ്വാസത്തിൽ വന്നതുകൊണ്ട് ഗ്രാമവാസികൾ എതിർപ്പിലാണ്. കുടുംബത്തിന്റെ അനുഗ്രഹത്തിനായും, പ്രഭു - വീട് നിർമ്മാണം അനുഗ്രഹകരമായി നടക്കുവാനും, വിക്രം - സാമ്പത്തിക പ്രതിസന്ധി മാറുവാനും, ഫീൽഡിലെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം : ആവർത്തനപുസ്തകം 11, 12 അദ്ധ്യായങ്ങൾ, ലൂക്കൊസ് 2–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം : ആവർത്തനപുസ്തകം 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭുഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും സുവിശേഷവേലയുടെ ആവശ്യത്തിലേക്ക് ഒരു ബൈക്ക് ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം : ആവർത്തനപുസ്തകം 15, 16 അദ്ധ്യായങ്ങൾ, ലൂക്കൊസ് 3–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം : ആവർത്തനപുസ്തകം 17 – 19 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം : ആവർത്തനപുസ്തകം 20, 21 അദ്ധ്യായങ്ങൾ, ലൂക്കൊസ് 4–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 16

**വായനഭാഗം** : **ആവർത്തനപുസ്തകം 22, 23 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലലിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ്, ഉമാജി ഷെൻഡെ
**വിഷയങ്ങൾ** : ചർച്ചുപണിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 17

**വായനഭാഗം** : **ആവർത്തനപുസ്തകം 24–26 അദ്ധ്യായങ്ങൾ, ലൂക്കൊസ് 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, ഏയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം** : **ആവർത്തനപുസ്തകം 27, 28 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യുകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം** : **ആവർത്തനപുസ്തകം 29–ാം അദ്ധ്യായം, ലൂക്കൊസ് 6–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ധമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം** : **ആവർത്തനപുസ്തകം 30, 31 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)
**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം** : **ആവർത്തനപുസ്തകം 32–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം** : **ആവർത്തനപുസ്തകം 33, 34 അദ്ധ്യായങ്ങൾ, ലൂക്കൊസ് 7–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **യോശുവ 1–4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : ട്യൂഷനു കടന്നുവരുന്ന കുട്ടികൾക്കായും, പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഗോയൽക്കോണ ഗ്രാമത്തിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നതിനായും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **യോശുവ 5, 6 അദ്ധ്യായങ്ങൾ, ലൂക്കൊസ് 8–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **യോശുവ 7–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ്, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **യോശുവ 10, 11 അദ്ധ്യായങ്ങൾ, ലൂക്കൊസ് 9–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **യോശുവ 12–14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സൂസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **യോശുവ 15–17 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകൻ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **യോശുവ 18, 19 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **യോശുവ 20, 21 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെംബ്രോം (ഭാര്യ: മീന, മക്കൾ: ജനീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : മൈക്കൽ - കാലിൽ നീര്, ശകുന്തള - ഛർദ്ദി, ബിപുൽ - വയറിൽ അസ്വസ്ഥതകൾ മാറുവാനും ഫീൽഡിലെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായും, എല്ലാ ശുശ്രൂഷകർക്കായും പ്രാർത്ഥിക്കാം.

## 31

**വായനഭാഗം** : **യോശുവ 22, 23 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (കൂട്ടൽഗുരി)
**പ്രവർത്തകർ** : ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്

**ഗാർഡിയൻ പ്രേയർ സെൽ**

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**CALL: 9446610923**

**E-mail: guardianprayercell@gmail.com**
**www.egmofindia.com**



സി. ജി. തോമസ്

# ക്രിസ്തുവിന്റെ മനോഭാവം

"ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി 2:5) നമ്മുടെ മനോഭാവം എങ്ങനെയുള്ളതായിരിക്കണം എന്ന ചോദ്യത്തിന് ഒരേയൊരു ഉത്തരമേ ഉള്ളൂ. അത് യേശുക്രിസ്തുവിന്റെ മനോഭാവം തന്നെയായിരിക്കണമെന്ന് പൌലൊസ്അപ്പൊസ്തലൻ എടുത്തുപറയുന്നു. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ" (ഫിലിപ്പിയർ 2:6-8) എന്നാൽ നമ്മുടെ ആന്തരിക ഭാവം എപ്രകാരമായിരുന്നു. എന്നു മനസ്സിലാക്കുവാൻ, ക്രിസ്മസ്സിനോടനുബന്ധിച്ച് മദ്യം വാങ്ങാൻ എത്ര മാത്രം പണമാണ് വിശ്വാസികൾ എന്നു പറയുന്നവർ ഗവൺമെന്റിനു നൽകിയത് എന്നു നോക്കിയാൽ മതി. ഇപ്പോൾ 50 ദിനങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞുകൂടുവാൻ സഭ ആഹ്വാനം ചെയ്യുന്നു. എന്നാൽ, മനുഷ്യഹൃദയങ്ങളിൽ ഉണ്ടായ മാനസാന്തരത്തിന്റെ ഫലം തിരിച്ചറിയുവാൻ ഈസ്റ്റർ ദിനത്തിലെ 'കുടി'യുടെ കണക്കു നോക്കിയാൽ മതി.

ക്രിസ്തുവിൽ പ്രബോധനം, സ്നേഹത്തിന്റെ ആശ്വാസം, ആത്മാവിന്റെകൂട്ടായ്മ, ആർദ്രത, മനസ്സലിവ്, ഏകമനസ്സ്, ഏകസ്നേഹം ഐക്യം, ഏകഭാവം (ഒരേ അഭിപ്രായം) ഇപ്രകാരമുള്ള മനോഭാവത്തെയാണ് പൌലൊസ് ചൂണ്ടിക്കാട്ടുന്നത്. കൂടാതെ താഴ്മയുടെ വലിയ പ്രബോധനവും അദൃശ്യനായ ദൈവം; ആത്മാവു മാത്രമായ ദൈവം നമ്മിൽ ഒരുവനെപ്പോലെ ആകുവാൻ വേഷത്തിൽ മനുഷ്യനായി, ദാസരൂപം സ്വീകരിച്ചു. നഗ്നനേത്രങ്ങൾ കൊണ്ടു കാണുവാൻ സാദ്ധ്യമല്ലാത്തവൻ, ഇപ്പോൾ മനുഷ്യരൂപത്തിൽ നമ്മുടെ മുമ്പിൽ നിൽക്കുന്നു.

ശുദ്ധീകരണത്തിനുവേണ്ടി ദൈവാലയത്തിൽ പോയ അവസരത്തിൽ ശിമ്യോൻ എന്ന മനുഷ്യൻ അവിടെ എത്തിയിരുന്നു. അവൻ നീതിമാനും യിസ്രായേലിന്റെ ആശ്വാസത്തിന്നായി കാത്തിരിക്കുന്നവനും ആയിരുന്നു. അവൻ ശിശുവിനെ കയ്യിലെടുത്തുകൊണ്ട് "നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ." എന്നു പറയുവാൻ സാധിച്ചത് മനുഷ്യരൂപത്തിൽ ദൈവം നമ്മുടെ അടുക്കലേക്കു വന്നതുകൊണ്ടല്ലേ.

"നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ മശീഹ" എന്നു ശമര്യാക്കാരി സ്ത്രീയോട് കിണറ്റിൻ കരയിൽവെച്ച് യേശു അരുളിച്ചെയ്തുവല്ലോ. (യോഹ 4:26)

ഒന്നാമതായി, പ്രബോധനത്തെക്കുറിച്ചു ചിന്തിച്ചാൽ ബൈബിൾ വഴി ധാരാളം പ്രബോധനങ്ങൾ നമുക്കു നൽകിയിരിക്കുന്നു. അവയെല്ലാം ദൈവത്തിന്റെ വചനങ്ങൾ ആയതുകൊണ്ട് ഗൗരവത്തോടും ആദരവോടും അതെല്ലാം സ്വീകരിക്കണം. നമുക്ക് ഇഷ്ടമുള്ളതു മാത്രം അംഗീകരിക്കുക എന്നതല്ല, വള്ളിയോ പുള്ളിയോ മാറ്റാതെ അവന്റെ വചനങ്ങൾ നാം കൈക്കൊള്ളണം. പ്രായോഗിക ജീവിതത്തിന് ചില ദൃഷ്ടാന്തങ്ങൾ, തിന്മയുടെ വിവിധ രൂപങ്ങൾ, തെരഞ്ഞെടുപ്പിനെ സംബന്ധിച്ച

നിർദ്ദേശങ്ങൾ, ദൈവഹിതം ശ്രവിക്കാനുള്ള ആഹ്വാനം, നന്മ മുറുകെപ്പിടിക്കുവാനുള്ള നിർദ്ദേങ്ങൾ, സമയം തക്കത്തിൽ ഉപയോഗിക്കുവാനുള്ള ഉപദേശങ്ങൾ എന്നിവയെല്ലാം ബൈബിളിൽ നൽകിയിരിക്കുന്നു.

ഭോഷനായ ഒരു ധനികൻ യേശുവിനെ വന്നു കാണുന്നതും യേശു അയാളോടു പറഞ്ഞ ഉപമയും വളരെ ശ്രദ്ധാപൂർവ്വം നാം പഠിക്കേണ്ടതാണ്. തന്റെ സഹോദരനുമായി പിതൃസ്വത്ത് പങ്കുവെക്കാൻ യേശു കല്പിക്കണമേ എന്ന അപേക്ഷ യേശു സ്വീകരിക്കുന്നില്ല. യേശു പറഞ്ഞ ഉപമ ഇങ്ങനെ: സമൃദ്ധമായ വിളവു ലഭിച്ച വർഷം ഒരു കർഷകൻ അറപ്പുരകൾ പൊളിച്ച് വലിയവ പണിയാൻ തീരുമാനിച്ചു. എന്നിട്ടു പറയുന്നു; തിന്നുക, കുടിക്കുക, ആനന്ദിക്കുക. ഈ രാത്രി നിന്റെ ആത്മാവിനെ തിരികെ ചോദിച്ചാൽ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതായിരിക്കും? എന്ന ചോദ്യത്തിന് അയാൾക്കു മറുപടി കൊടുക്കാൻ കഴിയുന്നില്ല.

കൂടുതൽ ലഭിക്കുമ്പോൾ അതു നൽകിയ ദൈവത്തോടു കൃതജ്ഞത പ്രകടിപ്പിക്കാനും തന്റെ സഹോദരങ്ങളുമായി പങ്കുവെക്കാനും അയാൾ തയ്യാറാകുന്നില്ല. എനിക്ക് എന്ത് ഉണ്ടോ അത് ദൈവകൃപയാലാണെന്ന മനോഭാവം അയാൾക്കു ലഭിക്കുന്നില്ല.

രണ്ടാമതായി, നമുക്കു ലഭിക്കുന്ന ആശ്വാസത്തെക്കുറിച്ച് പൌലൊസ് സൂചിപ്പിക്കുന്നു. ആശ്വാസത്തിന്റെ ദാതാവ് ദൈവംതന്നെയാണ്. "അന്നാളിൽ നീ പറയുന്നതു എന്തെന്നാൽ: യഹോവേ, നീ എന്നോടു കോപിച്ചതിന്റെ കോപം മാറി, നീ എന്നെ ആശ്വസിപ്പിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. ഇതാ, ദൈവം എന്റെ രക്ഷ; യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കകൊണ്ടും അവൻ എന്റെ രക്ഷയായ്ത്തീർന്നിരിക്കകൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും" (യെശ. 12:1, 2).

പന്ത്രണ്ടു വർഷംകൊണ്ട് രക്തസ്രവക്കാരിയായ സ്ത്രീ വിശ്വാസത്തോടുകൂടി യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു, യേശു അരുളിച്ചെയ്തു; മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോക. ആ നാഴിക മുതൽ സ്ത്രീക്കു സൌഖ്യം വന്നു. ക്രിസ്തുവിന്റെ വചനങ്ങളാണ് രോഗശാന്തിക്കും ആശ്വാസത്തിനും ധൈര്യത്തിനും കാരണമായത്,

നാം മറ്റുള്ളവരെ ആശ്വസിപ്പിക്കണം. പ്രവചനവരത്തെക്കുറിച്ച് പൌലൊസ് എഴുതിയിരിക്കുന്നു. 1 കൊരിന്ത്യർ 14:3 "പ്രവചിക്കുന്നവനോ ആത്മീകവർദ്ധനെക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു."

മൂന്നാമതായി കൂട്ടായ്മയെക്കുറിച്ചു പൌലൊസ് സൂചിപ്പിക്കുന്നു. കൂട്ടായ്മ ദൈവികമാണ് (1) ആത്മീയ കൂടിവരവ്. "ഭൂമിയിൽവെച്ച് നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്ന് അവർക്കു ലഭിക്കും; രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 18:19,20).

(2) വിശുദ്ധന്മാരുടെ സമ്പർക്കത്തിൽ യേശുവിന്റെ ഉയിർപ്പിനെക്കുറിച്ച് സംസാരിച്ചുകൊണ്ട് എമ്മവുസ് ഗ്രാമത്തിലേക്കു പോയ രണ്ടു ശിഷ്യന്മാരുടെ കൂടെ യേശുവും ചേർന്നു നടന്നു. മോശെ മുതൽ. സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു (ലൂക്കൊസ് 24:15).

(3) ഈ കൂട്ടായ്മ ഹൃദയത്തെ ചൂടാക്കുന്നു.

"അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്ന് അവർ തമ്മിൽ പറഞ്ഞു" (ലൂക്കൊ 24:32).

(4) കൂട്ടായ്മ ധൈര്യം പകരുന്നു

"അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാണ്കയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു" (അപ്പൊ. പ്രവൃ. 4:13).

(5) കൂട്ടായ്മയിലേക്കു നമ്മെ വിളിച്ചത് ദൈവമാണ്.

"തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ" (1 കൊരിന്ത്യർ 1:9).

(6) സാക്ഷ്യം നല്കുന്നത് കൂട്ടായ്മക്കു സഹായകമാണ്.

"ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു" (1 യോഹ 1:3).

ആയതിനാൽ നമ്മുടെ ഉപവാസവും പ്രാർത്ഥനയും മാനസാന്തരത്തിനു കാരണമാകട്ടെ. മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കണം. നമ്മുടെ മനോഭാവം ക്രിസ്തുവിന്റെ മനോഭാവംപോലെ ആയിത്തീരട്ടെ. അങ്ങനെ നമുക്ക് അവന്റെ മക്കളായിരിക്കാം. അപ്പോൾ അവകാശം നമ്മുടേതാകും. ദൈവം അനുഗ്രഹിക്കട്ടെ! ■■■



# എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും.

(തുടർച്ച...)

വേദപുസ്തകത്തിലെ വന്ധ്യകളായിരുന്ന വനിതകൾ ശ്രേഷ്ഠരായ കുഞ്ഞുങ്ങളെ ഉളവാക്കി. തൊണ്ണൂറു വയസ്സുവരെയും മച്ചിയായിരുന്ന സാറാ, യിസ്ഹാക്കിനെ ജനിപ്പിച്ചു. "എനിക്കു മക്കളെ തരിക അല്ലെങ്കിൽ ഞാൻ മരിക്കും." എന്നു നിശിതമായി നിലവിളിച്ച റാഹേലിന്റെ പ്രാർത്ഥനക്കുള്ള മറുപടിയായി. രാഷ്ട്രത്തെ വിടുവിച്ചവനായ, യോസേഫിനെ അവൾ പ്രസവിച്ചു; മനോഹയുടെ ഭാര്യ രാഷ്ട്രത്തിന്റെ മറ്റൊരു ഉദ്ധാരകനായ ശിംശോനെ പ്രസവിച്ചു. തകർന്ന ഹൃദയത്തോടെ, തിരുനിവാസത്തിങ്കൽ വിങ്ങി വിങ്ങി കരഞ്ഞുകൊണ്ടും, നേർച്ചകൾ നേർന്നും പ്രാർത്ഥനയിൽ തുടർന്നും, ഏലി പുരോഹിതന്റെ പരിഹാസശരങ്ങളെ അവഗണിച്ചും കൊണ്ട് അവളുടെ ദേഹിയെ പകർന്നതിന്റെ ഫലമായി ഹന്നാ യിസ്രായേലിന്റെ മഹാപ്രവാചകനായിത്തീർന്ന ശമുവേലിനെ പ്രസവിച്ചു. വന്ധ്യത്വവും വൈധവ്യവും ബാധിച്ച രൂത്ത് കൃപ ലഭിച്ചവളായി, ഓബേദിനെ പ്രസവിക്കുകയും, അവൻ ദാവീദിന്റെ പിതാവായ യിശ്ശായിയെ ജനിപ്പിക്കുകയും ചെയ്തു. ആ വംശാവലിയിൽനിന്നാണ് നമ്മുടെ രക്ഷിതാവ് വന്നത്. വാർദ്ധക്യം ബാധിച്ച എലീശബെത്തിൽ നിന്നും യോഹന്നാൻ സ്നാപകൻ വന്നു, അവനെക്കുറിച്ച് യേശു പറഞ്ഞത്; സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരും ഇല്ലെന്നാണ്. സന്താനരാഹിത്യത്തിന്റെ ലജ്ജ ഈ സ്ത്രീകളെ എത്രയും കീഴടക്കിയില്ലായിരുന്നെങ്കിൽ, എത്രയോ വീരന്മാർ നഷ്ടപ്പെട്ടുപോകുമായിരുന്നു?

ഒരു കുഞ്ഞ് ഉരുവാകുന്നതോടൊപ്പം ജീവനിലേക്ക് അത് ഉടൻ കുതിക്കുന്നതുപോലെ തന്നെ യത്രെ ഉണർവ്വും. പതിനാറാം നൂറ്റാണ്ടിൽ, റാഹേലിനെ അനുകരിച്ചുകൊണ്ട് നോക്സ് ഇങ്ങനെ കരഞ്ഞു പ്രാർത്ഥിച്ചു; 'എനിക്ക് സ്കോട്ട്ലണ്ടിനെ തരിക. അല്ലെങ്കിൽ ഞാൻ മരിക്കും." നോക്സ് മരിച്ചു, എന്നാൽ സ്കോട്ട്ലണ്ട് ജീവിക്കുമ്പോൾ നോക്സും ജീവിക്കും. സിൻസെൻഡോർഫിന് 1727 ആഗസ്റ്റ് 13നു ബുധനാഴ്ച കാലത്ത് ഏതാണ്ട് 11 മണിയോടെ പെട്ടെന്ന് ഉണർവ്വുണ്ടാകുകയും അവൻ പരിശുദ്ധാത്മാവിൽ ഉരുകുകയും പ്രചോദിപ്പിക്കപ്പെടുകയും ചെയ്തു. അതുവരെയും അദ്ദേഹം മൊറേവ്യൻ സഹോദരന്മാരുടെ ഫലശൂന്യവും സ്നേഹരഹിതവുമായ അവസ്ഥയെക്കുറിച്ച് മനഃക്ലേശമനുഭവിച്ച് കഴിച്ചുകൂട്ടുകയായിരുന്നു. അതേത്തുടർന്ന് മൊറേവ്യൻ ഉണർവ്വ് ആരംഭിച്ചുവെന്നും തൽഫലമായി ആരംഭിച്ച ഒരു പ്രാർത്ഥനായോഗം നൂറുവർഷക്കാലത്തോളം നീണ്ടു നിന്നു എന്നും നാമറിയുന്നു. ആ യോഗത്തിൽ നിന്ന് ഒരു മിഷനറി പ്രസ്ഥാനം രൂപംകൊള്ളുകയും അത് ഭൂസീമകൾവരെ വ്യാപിക്കുകയും ചെയ്തു.

നമ്മുടെ കാലത്തെ സഭ വികാരതീവ്രമായ നിലയിൽ സന്താനാഭിവൃദ്ധിക്കായി ഗർഭം ധരിക്കേണ്ടിയിരിക്കുന്നു. നേരെമറിച്ച് അവൾ പലപ്പോഴും വിളറിയ പ്രചരണം കൊണ്ട് അഭ്യർത്ഥിക്കുന്നവളായിട്ടാണിരിക്കുന്നത്. ശിശുക്കളെ പ്രസവിക്കുന്ന രീതിക്ക് മാറ്റം വരുത്തുവാൻ ശാസ്ത്രപുരോഗതിക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ഡോക്ടർമാരുടെ പ്രിയപ്പെട്ട ശാസ്ത്രത്തിന്, ഗർഭസ്ഥശിശുവിന്റെ രൂപവൽക്കരണത്തിന് വേണ്ടിവരുന്ന മാസങ്ങളെ കുറെക്കുന്നതിന് ഒരിക്കലും സാദ്ധ്യമല്ല എന്നു ഞങ്ങൾ വീണ്ടും പറഞ്ഞുകൊള്ളട്ടെ. സഹോദരന്മാരെ, നാം സമയം എന്ന ഘടകത്താൽ, തോല്പിക്കപ്പെട്ടിരിക്കുകയാണ്. പ്രസംഗിയും സഭയും പ്രാർത്ഥിക്കാൻ നേരമില്ലാതവണ്ണം അത്ര തിരക്കിലാണ്. കർത്താവ് ഞങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നതിലും അധികം ബദ്ധപ്പാടിൽത്തന്നേ. നാം ദൈവത്തിനു സമയം അനുവദിക്കുമെങ്കിൽ, അവൻ നമുക്ക് സമയമില്ലാത്തവിധത്തിൽ ആത്മാക്കളെ നല്കും. നമ്മുടെ ദേഹിയുടെ ദുർബ്ബലാവസ്ഥയിൽ മറഞ്ഞുകൊണ്ടു നാം അവന്റെ നാമം വിളിച്ചപേക്ഷിക്കുന്നു. എങ്കിൽ, അവൻ നമ്മുടെ പ്രകാശം മദ്ധ്യാഹ്നംപോലെയാക്കിത്തീർക്കും. ധാരാളം ഉപദേശകർ സഭക്കുണ്ട്. എന്നാൽ അവളുടെ കഠിന മനോവ്യഥക്കാർ എവിടെ? എപ്പോഴും ധാരാളം ആളുകൾ ഹാജരുണ്ടായിരുന്നു എന്ന് പ്രശംസിക്കുന്ന സഭകൾ എപ്പോഴും ആത്മീയ ജനനങ്ങൾ കുറവാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. രാജ്യത്തെ വിസ്തൃതമാക്കാതെ തന്നെ നമുക്ക് നമ്മുടെ സഭകളെ വിസ്തൃതമാക്കാൻ സാധിക്കും. (ദത്തെടുത്ത കുട്ടികൾ

മാത്രം ഉള്ള ഒരു കുടുംബത്തെ എനിക്കറിയാം. പ്രസംഗികളായ നമ്മിൽ അനേകർക്കും ജനനങ്ങളെക്കാൾ കൂടുതൽ ദത്തെടുക്കൽ ആണുള്ളത്.) വംശവർദ്ധനവിന്റെ ശത്രുവാണ് ഗർഭനാശം. ജനനങ്ങൾ കുറച്ചുമാത്രമുള്ള വിശ്വാസികൾ ഭാരമുള്ളവരായിത്തീരുകയും ആത്മികവന്ധ്യത്വം നമ്മെ അസ്വസ്ഥമാക്കിത്തീർക്കുകയും ചെയ്യുമ്പോൾ നാം വിശുദ്ധ ഭയത്താൽ സ്പന്ദിക്കുന്നവരായി തീരുകയും വിശുദ്ധ തീക്ഷ്ണതയോടെ പ്രാർത്ഥിക്കയും വിശുദ്ധ പോഷണത്താൽ ഉല്പാദിപ്പിക്കുന്നവരായിത്തീരുകയും ചെയ്യും. ദൈവത്തിന്റെ കണക്കിൽ 'വിൽപ്പന ദിനങ്ങൾ' എന്ന ഒന്നില്ല, കാരണം ഉണർവ്വിന്റെ വില എന്നും ഒന്നുതന്നെയാണ് – പ്രസവവേദന.

തീർച്ചയായും ഈ നശിച്ച ജാതി ഉണർത്തപ്പെടേണ്ടതാവശ്യമാണ്. "ദൈവം പ്രവർത്തിക്കുമ്പോൾ ഉണർവുണ്ടാകും." എന്നു തങ്ങളുടെ ഉറക്കപ്പിച്ചിൽ ദൈവത്തിന്റെ സർവ്വാധീശത്വത്തിൽ ആടിക്കൊണ്ടു പറയുന്നവർ ഉണ്ടെന്നുള്ളതിൽ ഞാൻ തികച്ചും ബോധവാനാണ്. എന്നാൽ അതു അർദ്ധസത്യം മാത്രമേ ആകുന്നുള്ളൂ. ഒരു മിനിറ്റിൽ 83 ആളുകൾ ക്രിസ്തുവില്ലാത്തവരായി മരിക്കുന്നതിൽ കർത്താവ് സന്തോഷിക്കുന്നു എന്നാണോ നിങ്ങൾ അർത്ഥമാക്കുന്നത്? അനേകരും നശിച്ചുപോകുവാൻ തക്കവണ്ണം കർത്താവ് ഇപ്പോൾ മനസ്സുള്ളവനായിരിക്കയാണെന്നുള്ള ചിന്താഗതിക്കു നിങ്ങൾ അടിപ്പെട്ടുപോയിരിക്കയാണോ? ദൈവം തന്റെ കുതികാൽ ഉയർത്തി അവന്റെ ശത്രുക്കളെ ചിതറിക്കുവാൻ തീരുമാനിക്കുമ്പോൾ, ഒരു ശക്തിയായ സന്ദർശനം വരും എന്നു പറയാനാണോ നിങ്ങൾ മുതിരുന്നത്? എനിക്കാണെങ്കിൽ ആയത് ദൈവദൂഷണം പറയുന്നതിനു തുല്യമായിരിക്കും – ഒരിക്കലുമല്ല. ഒരു വാക്യത്തിന്റെ അംശം ഉദ്ധരിച്ചുകൊണ്ട് വേദപുസ്തകം എന്തുപറയുന്നു എന്നൊക്കെ നിങ്ങൾക്കു പറയാൻ കഴിയും. ഉദാഹരണത്തിന്, "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ ദൈവത്തിനു കഴിയും." വാക്യം അവിടെവെച്ചു നിറുത്തുകയും, ആ വാക്യത്തിന്റെ അർത്ഥം, അതു ചെയ്യുവാൻ ദൈവം കഴിവുള്ളവനാണ്, എന്നിരുന്നാലും താൻ അപ്രകാരം ചെയ്‌വാൻ ഒരുമ്പെടുന്നില്ല എന്നു വരുത്തുകയും ചെയ്യും. തെറ്റായി ഉദ്ധരിക്കപ്പെട്ട, ഈ വാക്യം, ഉണർവ്വിന്റെ കുറവ് ദൈവസിംഹാസനത്തിന്റെ പടികളിന്മേൽ വീഴുകയത്രെ. എന്നാൽ ആ വേദവാക്യം മുഴുവനും ഉദ്ധരിക്കുക. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്ന ദൈവത്തിന്ന്." ഇപ്പോൾ അർത്ഥം വഴിക്കു എവിടെയൊ തടസ്സം ഉണ്ടായിട്ടുണ്ട് എന്നാണ്, അതായത് സഭയിലുള്ള ശക്തിക്കുറവ് നിമിത്തം ദൈവത്തിന് ഈ കാലഘട്ടത്തിലേക്കിറങ്ങി പ്രതിബന്ധങ്ങളെ തരണംചെയ്തു ശുഭസമാപ്തിയിലെത്തിക്കാൻ കഴിയുന്നില്ല എന്നാണ്. അതുകൊണ്ട് ഉണർവ്വിന്റെ കുറവിനു കാരണം നമ്മുടെ കുറ്റം തന്നെയാണ്.

ഫിന്നി പറഞ്ഞു. "അടച്ചുവെക്കപ്പെട്ട ഒരു ഉണർവ്വാണ്. ദൈവത്തിങ്കൽ ഉള്ളത്." എന്ന്, ആകയാൽ "നമ്മിൽ വ്യാപരിക്കുന്ന അവന്റെ ശക്തിക്കനുസരണമായ" ഉണർവ്വ് നമുക്ക് അനുഭവവേദ്യമാക്കാവുന്നതത്രെ. എന്തുകൊണ്ടെന്നാൽ "പരിശുദ്ധാത്മാവ് നമ്മുടെമേൽ വരുമ്പോൾ നമുക്കു ശക്തി ലഭിക്കും." ഇത് കേവലം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ശക്തിയല്ല, കാരണം പെന്തക്കൊസ്തിനു മുമ്പും അവർ അത്ഭുതങ്ങൾ പ്രവർത്തിക്കയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഇത് കേവലം സംഘാടകത്വത്തിനുള്ള ശക്തിയൊ പ്രസംഗിക്കുന്നതിനുള്ള ശക്തിയൊ, തിരുവെഴുത്തുകൾ ഭാഷാന്തരംചെയ്യുന്നതിനുള്ള ശക്തിയൊ, കർത്താവിനുവേണ്ടി പുതിയ മേഖലകളിലേക്ക് പ്രവേശിക്കുന്നതിനുള്ള ശക്തിയൊ അല്ല. ഇതു എല്ലാം നല്ലതു തന്നേ. എന്നാൽ നമുക്കു പരിശുദ്ധാത്മാവിന്റെ ശക്തി ഉണ്ടോ? കോട്ടകളെ ഇടിച്ചുകളയുന്ന, വാഗ്ദത്തങ്ങളെ പ്രാപിക്കുന്ന, സാത്താന്യശക്തിയെ നിയന്ത്രിക്കുന്ന ശക്തി ഉണ്ടോ? പിശാചിന്റെ ആധിപത്യത്തിൽനിന്നും വിടുവിക്കപ്പെട്ടിട്ടില്ലാത്ത അപരാധികൾ നിത്യനാശം അനുഭവിക്കേണ്ടിവരും. ദൈവം അഭിഷേകംചെയ്തതും പ്രാർത്ഥനയുടെ ശക്തിയാൽ നിറഞ്ഞതുമായ ഒരു സഭയെ അല്ലാതെ പിന്നെ എന്തിനെയാണ് പാതാളം പേടിക്കുന്നത്.?

പ്രിയരെ, നിരർത്ഥകങ്ങളായവയെ എല്ലാം നമുക്ക് വിട്ടുകളയാം. സഭാവിവാദങ്ങളെയൊക്കെ നമുക്ക് വിസ്മരിക്കാം. വിശ്വാസം കേൾവിയാലും! കേൾവി, ദൈവത്തിന്റെ വചനത്താലും വരുന്നു എന്നുള്ളതിനാൽ, നമുക്ക്, "എപ്പോഴും പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കാം." സഭയുടെ ശക്തിയില്ലായ്മയിൽ ലജ്ജയുള്ളവരായും, പിശാച് അവന്റെ കുത്തക ഇന്നും നിലനിർത്തുന്നതിൽ മനഃക്ലേശമുള്ളവരായും തീർന്നിട്ട് വ്യഥ അനുഭവിക്കുന്ന ആത്മാവിൽ "എനിക്കു മക്കളെ തരിക അല്ലെങ്കിൽ ഞാൻ മരിച്ചുപോകും!" എന്ന് നമുക്ക് നിലവിളിച്ച് പറയാം. അത് അങ്ങനെതന്നേ അർത്ഥവത്താക്കുകയും ചെയ്യാം, ആമേൻ.

■■■

# NEWS

## സർവകലാശാലയിൽ വൻആത്മീയ ഉണർവ്; 1,600 വിദ്യാർത്ഥികൾ ക്രിസ്തുവിശ്വാസത്തിലേക്ക്



ഫ്ളോറിഡ സർവ്വകലാശാലയിൽ വൻ ആത്മീയ ഉണർവ്; 1,600 വിദ്യാർത്ഥികൾ ക്രിസ്തുവിശ്വാസത്തിലേക്ക് പി.പി. ചെറിയാൻ.

അമേരിക്കയിലെ കലാലയങ്ങളിൽ തുടരുന്ന ആത്മീയ മുന്നേറ്റം യൂണിവേഴ്സിറ്റി ഓഫ് സെൻട്രൽ ഫ്ളോറിഡയിലും വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നു. ഒരുദിവസം നടന്ന കൂട്ടായ്മയിൽ അയ്യായിരത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തതായും ഇതിൽ 1,600 പേർ ക്രിസ്തുവിശ്വാസം സ്വീകരിക്കാൻ തീരുമാനിച്ചതായും സംഘാടകർ അറിയിച്ചു. പരിപാടിയുടെ ഭാഗമായി നൂറുകണക്കിന് വിദ്യാർത്ഥികൾ സ്നാനം സ്വീകരിച്ചു. ഇതിൽ മുമ്പ് നിരീശ്വരവാദികളായിരുന്ന പലരും ഇപ്പോൾ ക്രിസ്തുമതം സ്വീകരിച്ചതായി സംഘാടകയായ ടോണിയ പ്രൈവറ്റ് ഇൻസ്റ്റഗ്രാമിലൂടെ വ്യക്തമാക്കി.

കഴിഞ്ഞ മൂന്ന് വർഷമായി അമേരിക്കയിലെ വിവിധ സർവ്വകലാശാലകളിൽ ഈ കൂട്ടായ്മ, ആത്മീയ യോഗങ്ങൾ സംഘടിപ്പിച്ചു വരികയാണ്. ഇതുവരെ 1.2 ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഈ പരിപാടികളിൽ പങ്കെടുത്തു. 2023 അസ്ബറി സർവകലാശാലയിൽ ആരംഭിച്ച ആത്മീയ ഉണർവിന്റെ തുടർച്ചയായാണ് ഈ മാറ്റങ്ങളെ വിലയിരുത്തുന്നത്. സൗത്ത് ക്ലെംസൺ, എൻസി സ്റ്റേറ്റ് തുടങ്ങിയ സർവകലാശാലകളിലും സമാനമായ രീതിയിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ വിശ്വാസത്തിലേക്ക് കടന്നു വന്നിരുന്നു. വിദ്യാർത്ഥികൾക്കിടയിൽ ദൈവത്തെ അറിയാനുള്ള വലിയ ആഗ്രഹം ദൃശ്യമാണെന്നും ഈ മുന്നേറ്റം ഇനിയും തുടരുമെന്നും സംഘാടകർ വിശ്വസിക്കുന്നു.

Source: www.discipelsnews.com

## നാസ ആസ്ട്രനോട്ടുകൾക്ക് ഇനിമുതൽ സ്മാർട്ട്ഫോണുകൾ ബഹിരാകാശത്തേക്ക് കൊണ്ടുപോകാം, ചരിത്ര തീരുമാനം



സ്മാർട്ട്ഫോൺ സാങ്കേതികവിദ്യകൾ ലോകത്തെ മാറ്റിമറിക്കുന്ന കാലത്ത് ചരിത്ര തീരുമാനവുമായി അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ, നാസ ആസ്ട്രനോട്ടുകൾക്ക് സ്മാർട്ട്ഫോണുകൾ ബഹിരാകാശത്തേക്ക് കൊണ്ടുപോകാൻ നാസ അനുമതി നൽകി. ഇക്കാര്യത്തിൽ നിലവിലുണ്ടായിരുന്ന നയം തിരുത്തിയതായി നാസ അഡ്മിനിസ്ട്രേറ്റർ ജാറെഡ് ഐസക്മാൻ അറിയിച്ചു. ഇതോടെ, നാസയുടെ ബഹിരാകാശ സഞ്ചാരികൾക്ക് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് (ഐഎസ്എസ്) ഉൾപ്പെടെ ഇനിമുതൽ സ്മാർട്ട്ഫോൺ കൊണ്ടുപോകാം..

### ഇനി ഐഎസ്എസിലും സ്മാർട്ട്ഫോൺ എത്തും

ഇത്രയും കാലം സ്വകാര്യ സ്മാർട്ട്ഫോണുകൾ നാസയുടെ ബഹിരാകാശ സഞ്ചാരികൾക്ക് കൊണ്ടുപോകാൻ അനുമതിയുണ്ടായിരുന്നില്ല. ഉടൻ നടക്കാൻപോകുന്ന ക്രൂ 11, ആർട്ടിമിസ് 2 ദൗത്യങ്ങളിൽ നാസ ആസ്ട്രനോട്ടുകൾക്ക് സ്മാർട്ട്ഫോണുകളും കൊണ്ടുപോകാം. സ്വകാര്യ ബഹിരാകാശ ദൗത്യങ്ങളിൽ ആളുകൾ സ്മാർട്ട്ഫോണുകൾ മുമ്പും കൊണ്ടുപോയിട്ടുണ്ട്. പക്ഷേ, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഇതുവരെ നാസയുടെ സഞ്ചാരികൾ ആരും സ്മാർട്ട്ഫോണുകൾ കൊണ്ടുപോയിട്ടില്ല.

### ബഹിരാകാശത്ത്നിന്ന് സെൽഫി വീഡിയോകൾ, അതും പ്രതീക്ഷിക്കാം

ബഹിരാകാശ സഞ്ചാരികൾക്ക് സ്വന്തം ഫോണുകളിൽ യാത്രയിലെ നിമിഷങ്ങൾ പകർത്താനും കുടുംബാംഗങ്ങളുമായി അവ ഷെയർ ചെയ്യാൻ കൂടി നാസ പുതുതായി അനുമതി നൽകിയിട്ടുണ്ട്. സമ്പന്നരും വൻകിട കമ്പനികളും സ്വന്തംനിലക്ക് നടത്തിയിട്ടുള്ള സ്വകാര്യ ബഹിരാകാശ ദൗത്യങ്ങളിൽ ആളുകൾ സ്മാർട്ട്ഫോണുകൾ മുമ്പും കൊണ്ടുപോയിട്ടുണ്ട്. പക്ഷേ, നാസയുടെ ബഹിരാകാശ സഞ്ചാരികൾക്ക് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കടക്കം സ്മാർട്ട്ഫോണുകൾ കൊണ്ടുപോകാൻ അനുമതിയുണ്ടായിരുന്നില്ല. പുത്തൻ ഇലക്ട്രോണിക് ഡിവൈസുകൾ ബഹിരാകാശ ദൗത്യങ്ങളിൽ ഉൾപ്പെടുത്താനുള്ള പ്രക്രിയ തന്നെ ലളിതമാക്കിയതായും നാസ അഡ്മിനിസ്ട്രേറ്റർ ജാറെഡ് ഐസക് മാൻ അറിയിച്ചു.

(source: www.asianetnews.com)

(പേജ് 10 – ൽ നിന്നും)

ജനിച്ചു. "കർത്താവിന്റെ ദാസൻ" എന്നർത്ഥമുള്ള ഓബേദ് എന്ന പേര് അവന്നു നൽകി. അവനെ താരാട്ടുപാടി ഉറക്കിയിട്ടാണ് ഞാൻ വന്നത്. അവനെ കാണാൻ സ്ത്രീകൾ വന്നപ്പോൾ എന്താണെന്നോ പറഞ്ഞത്? "നൊവൊമിയുടെ മകൻ" ഞാൻ പുളകംകൊണ്ടുപോയി.' അവർ പിന്നെയും പ്രവചിച്ചു പറയുകയാണ്. അവൻ വിശ്രുതനായി ത്തീരും അവൻ വീണ്ടെടുപ്പുകാരനായിത്തീരും." ഇതെല്ലാം കേട്ട് എന്റെ ഹൃദയം ആനന്ദത്താൽ നിറഞ്ഞൊഴുകുകയാണ്. അങ്ങനെ തന്നേ സംഭവിക്കട്ടെ.

ഈ മട്ടുപ്പാവിൽ ഇരിക്കുമ്പോൾ ഒന്നേ എനിക്കു പറയാനുള്ളു." ഒരിക്കലും ഓർത്തില്ല.' ഇത്രയും ഉയരുമെന്ന്!"

(കുറിപ്പ്: ഈ ഓബേദിന്റെ പുത്രനായിരുന്നു യിശ്ശായി. യിശ്ശായിയുടെ പുത്രനായിരുന്നു ദാവീദ് രാജാവ്)

■■■

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം



# കുഷ്ഠരോഗത്തിൽ നിന്ന് സൗഖ്യം

എന്റെ പേര് മരമയി, ബീഹാർ സ്വദേശിയാണ്. എന്റെ രണ്ട് കാലിലും കുഷ്ഠം ബാധിച്ചു ഞാൻ വളരെ ഭാരപ്പെട്ടു കഴിയുകയായിരുന്നു. ഒത്തിരി ചികിത്സകൾ ചെയ്തിട്ടും ഫലം കിട്ടിയില്ല. ഒരു വ്യത്യാസവും വന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഇ.ജി.എം ഓഫ് ഇന്ത്യയുടെ സുവിശേഷ പ്രവർത്തകർ എന്റെ ഭവനത്തിൽ കടന്നുവന്നു. അവർ എന്നോട് ദൈവവചനം സംസാരിക്കുകയും എനിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങനെ ഞാൻ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ ഇടയായി. ഞാൻ എന്റെ കർത്താവിനെ കണ്ടുമുട്ടുകയും വിശ്വസിക്കുകയും ചെയ്തതു വഴി എന്റെ കുഷ്ഠരോഗം സുഖപ്പെട്ടു. ഞാൻ എന്റെ ദൈവത്തെ നന്ദിയോടെ മഹത്വപ്പെടുത്തുന്നു. എനിക്ക് കുടുംബമായി കർത്താവിനോട് ചേർന്നു നിൽക്കണമെന്ന് ആഗ്രഹമുണ്ട്. അതിനായി നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.

മരമയി , ബീഹാർ

# ജീവിത പങ്കാളിയെ തേടി



സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :........................................................................ ഒപ്പ്:......................

1. റോമൻ കാത്തലിക് യുവാവ് (33 വയസ്സ്, 177 സെ.മീ ഉയരം) പോസ്റ്റ് ഗ്രാജുവേഷൻ കോമേഴ്സ് (പൂനെ യൂണിവേഴ്സിറ്റി), സീനിയർ അസിസ്റ്റന്റായി തിരുവനന്തപുരം ISRO (VSSC)-യിൽ ജോലി ചെയ്യുന്നു. Retinitis Pigmentosa എന്ന കാഴ്ച സംബന്ധമായ ബുദ്ധിമുട്ടുള്ളതുകൊണ്ട് 80 ശതമാനത്തിലധികം കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. കീബോർഡ് വായിക്കുന്നതിലും, സംഗീതം ചെയ്യുന്നതിലും തല്പരനാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന, ക്രൈസ്തവ മൂല്യങ്ങളുള്ള, കാഴ്ചപരിമിതി മനസ്സിലാക്കി സ്വീകരിക്കാൻ തയ്യാറുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Ph: 9762440472

# ആരോഗ്യവിചാരം

## 'ഞങ്ങൾ ജീവിക്കുന്നത് കൊറിയൻ ലോകത്ത്', ഗെയിമിങ്ങും സോഷ്യൽമീഡിയ അഡിക്ഷനും ജീവനെടുക്കുമ്പോൾ...



**ഉ**ത്തർപ്രദേശിലെ ഗാസിയാബാദിൽ പ്രായപൂർത്തിയാകാത്ത മൂന്ന് സഹോദരിമാർ കെട്ടിടത്തിന് മുകളിൽനിന്ന് ചാടി ജീവനൊടുക്കിയതിന് പിന്നിൽ കൊറിയൻ ഡ്രാമകളോടും ഗെയിമുകളോടുമുള്ള ആസക്തിയാണെന്ന് പോലീസ്. തങ്ങൾ കൊറിയൻ ലോകത്താണ് ജീവിക്കുന്നതെന്ന മനോഭാവമായിരുന്നു കുട്ടികൾക്ക്. ഈ വാർത്തയാണ് ഇപ്പോൾ സോഷ്യൽമീഡിയയിൽ നിറയുന്നത്. ഇന്റർനെറ്റ് അഡിക്ഷനും ഗെയിമിങ് അഡിക്ഷനും യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ മാനസികാരോഗ്യത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ചണ്ഡിഗഢിലെ പി.ജി.ഐ. സൈക്യാട്രി വിഭാഗം നടത്തിയ പഠനമനുസരിച്ച് 15.9 ശതമാനം യുവാക്കളും ഇന്റർനെറ്റ് അഡിക്ഷൻ അനുഭവിക്കുന്നവരാണ്. ഇത് വിഷാദരോഗത്തിലേക്കും ഉത്കണ്ഠയിലേക്കും നയിക്കുന്നു.

ഓൺലൈൻ കൊറിയൻ ഗെയിമിന് അടിമപ്പെട്ട 12, 14, 16 വയസ്സുള്ള മൂന്ന് സഹോദരിമാരാണ് വീട്ടിലെ വഴക്കിനെത്തുടർന്ന് ഒമ്പതാം നിലയിൽനിന്ന് ചാടി ജീവനൊടുക്കിയത്. ഗെയിമിലെ ടാസ്ക്കുകളുമായി ബന്ധപ്പെട്ട അമിതമായ താൽപര്യമാണ് ഇവരെ ഈ കടുംകൈക്ക് പ്രേരിപ്പിച്ചതെന്നാണ് പോലീസ് പറയുന്നത്. കോവിഡ്കാലത്ത് പഠനവും ജീവിതവും ഓൺലൈനായതോടെ മൊബൈൽ ഫോൺ ഉപയോഗം ഒരു ശീലമായി മാറി. മനുഷ്യരുമായുള്ള നേരിട്ടുള്ള ഇടപെടലുകൾ കുറഞ്ഞത് കുട്ടികളെയും യുവാക്കളെയും ഈ അഡിക്ഷനിലേക്ക് തള്ളിവിട്ടു. ഇത് തലച്ചോറിലെ ഡോപാമൈൻ വ്യവസ്ഥയെ ബാധിക്കുകയും പെരുമാറ്റത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യുമെന്ന് ആരോഗ്യവിദഗ്ധർ പറയുന്നു.

**ലക്ഷണങ്ങൾ**

***നിയന്ത്രണം നഷ്ടപ്പെടൽ:*** മറ്റ് അഡിക്ഷനുകൾ പോലെ തന്നേ, ഗെയിമിങ്ങിന് മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതാണ് പ്രധാന ലക്ഷണം. ഇത് പഠനത്തെയും സാമൂഹിക ബന്ധങ്ങളെയും സാമ്പത്തിക നിലയെയും ബാധിക്കുന്നു.

***താൽപര്യക്കുറവ്:*** മുമ്പ് ആസ്വദിച്ചിരുന്ന ഹോബികളിലോ കൂട്ടുകാർക്കൊപ്പം കളിക്കുന്നതിലോ താൽപര്യം ഇല്ലാതാവുക.

***പാരന്റിങ്:*** അണുകുടുംബങ്ങളിൽ മാതാപിതാക്കൾ രണ്ടുപേരും ജോലിക്ക് പോകുമ്പോൾ കുട്ടികൾക്ക് ഫോൺ ഉപയോഗത്തിൽ ലഭിക്കുന്ന അമിത സ്വാതന്ത്ര്യം വിനയാകുന്നു. കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ രഹസ്യമായി വെക്കാൻ സഹായിക്കുന്ന ഫീച്ചറുകൾ അവർ ദുരുപയോഗം ചെയ്തേക്കാം. എത്ര സമയം ഫോൺ ഉപയോഗിക്കുന്നു എന്നത് മാതാപിതാക്കളിൽ നിന്നോ മറ്റുള്ളവരിൽനിന്നോ ഒളിച്ചുവെക്കുക.

***മുൻഗണന മാറുന്നത്:*** ആഹാരം കഴിക്കുക, കുളിക്കുക, ഉറങ്ങുക തുടങ്ങിയ അത്യാവശ്യ കാര്യങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം ഗെയിമിങ്ങിനോ സോഷ്യൽ മീഡിയക്കോ നൽകുക.

***ദേഷ്യവും അസ്വസ്ഥതയും:*** ഫോൺ മാറ്റിവെക്കാൻ ആവശ്യപ്പെടുമ്പോഴോ ഇന്റർനെറ്റ് കണക്ഷൻ നഷ്ടപ്പെടുമ്പോഴോ അമിതമായി ദേഷ്യപ്പെടുകയോ സങ്കടപ്പെടുകയോ ചെയ്യുക.

***ഏകാഗ്രതക്കുറവ് :*** പഠനത്തിലോ ജോലിയിലോ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെവരിക. മനസ്സ് എപ്പോഴും ഓൺലൈൻ ലോകത്തായിരിക്കുക.

***ഉത്കണ്ഠയും വിഷാദവും :*** സോഷ്യൽ മീഡിയയിലെ ലൈക്കുകളെക്കുറിച്ചോ ഗെയിമിലെ ടാസ്ക്കുകളെക്കുറിച്ചോ ആലോചിച്ച് അമിതമായി ഉത്കണ്ഠപ്പെടുക.

***ഉറക്കമില്ലായ്മ:*** രാത്രി വൈകിയിരുന്നും ഫോൺ ഉപയോഗിക്കുന്നത് മൂലം ഉറക്കത്തിന്റെ ക്രമം തെറ്റുക.

***ശാരീരിക അസ്വസ്ഥതകൾ :*** തുടർച്ചയായ ഉപയോഗം മൂലം കണ്ണുകൾക്ക് വേദന, തലവേദന, കഴുത്തുവേദന, നടുവേദന എന്നിവ അനുഭവപ്പെടുക.

***ശുചിത്വമില്ലായ്മ :*** സ്വന്തം ശരീരത്തെ പരിഗണിക്കാതിരിക്കുക, കുളിക്കാനോ പല്ലുതേക്കാനോ പോലും മടി കാണിക്കുക.

പ്രൊഫഷണൽ സഹായം : ഇതൊരു മാനസികാരോഗ്യ പ്രശ്നമായി ലോകാരോഗ്യ സംഘടന അംഗീകരിച്ചിട്ടുണ്ട്. അമിതമായ ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ മാനസികാരോഗ്യ വിദഗ്ധരുടെ സഹായം തേടാൻ മടിക്കരുത്.

source: www.madhyamam.com

ഭാഗം : 03

# ബൈബിൾ ക്വിസ് MAR 2026



(1 രാജാക്കന്മാർ, വെളിപാട്, GM ഫെബ്രുവരി 2026)

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

1. ബത്ത് - ശേബ ദാവീദ് രാജാവിനെ നമസ്കരിച്ചപ്പോൾ ആരാണ് അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്നത് ?
2. അഗാധദൂതന്റെ യവന നാമം?
3. അദോനീയാവിന്റെ വിരുന്നിൽ ക്ഷണിക്കപ്പെടാതിരുന്ന പുരോഹിതൻ?
4. നാല് ദൂതന്മാരെ എവിടെയാണ് ബന്ധിച്ചിരുന്നത്.?
5. ശലോമോൻ രാജാവാകും എന്ന് ദാവീദ് ആരുടെ നാമത്തിലാണ് സത്യം ചെയ്തത് ?
6. പുതിയ തലമുറ അടിമപ്പെട്ടിരിക്കുന്ന, ഒരു വികാരമായി അവർക്ക് മാറിയിരിക്കുന്ന ഒന്നാണ്____________.
7. ശലോമോനെ രാജാവാക്കുവാൻ ഗീഹോനിലേക്ക് എങ്ങനെ കൊണ്ടുപോയി?
8. കുതിരകളുടെ തല എപ്രകാരമായിരുന്നു?
9. യിസ്രായേലിനും യെഹൂദക്കും പ്രഭുവായി നിയമിക്കപ്പെട്ടത് ആര് ?
10. അതിന്റെ വായിൽനിന്ന് തീയും പുകയും ഗന്ധകവും പുറപ്പെട്ടു. ഏതിന്റെ?

## ബൈബിൾ ക്വിസ് 2026 - ഭാഗം 2 ശരിയുത്തരങ്ങൾ

1. അബീശഗ് (1 രാജാക്കന്മാർ 1:3)
2. വെട്ടുക്കിളിക്ക് (വെളിപാട് 9:8)
3. അദോനീയാവ് (1 രാജാക്കന്മാർ 1:5)
4. വെട്ടുക്കിളിയുടെ (വെളിപാട് 9:9)
5. യോവാബ്, അബ്യാഥാർ (1 രാജാക്കന്മാർ 1:7)
6. ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധം (GM ജനുവരി പേജ് 12)
7. അഗാധദൂതൻ (വെളിപാട് 9:11)
8. ശലോമോൻ (1 രാജാക്കന്മാർ 1:10)
9. അഗാധദൂതന്റെ (വെളിപാട് 9:11)
10. ബത്ത് - ശേബയോട് (1 രാജാക്കന്മാർ 1:11,13)

## ഭാഗം-1 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ജോസഫ്,
ബിനി റെജി, ലില്ലി ചാക്കോ, ജിൻസി എഡ്വിൻ,
ഗ്രേസി ചാക്കോ, ജാൻസി ജോൺ, വൽസ ഉക്രു,
ലീലാമ്മ ജോസ്, അമ്മാൾ ഫിലിപ്പ്

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

**STATE CO-ORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 AM - 6.00 PM


**Address** : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

**Phone** : (+91) 8281616654 (Whatsapp)
**E-mail** : egmofindia@gmail.com
**Website** : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

# അഭിനന്ദനങ്ങൾ...





ഗോസ്പൽ മെസഞ്ചറിൽ പ്രസിദ്ധീകരിച്ചു വരുന്ന ബൈബിൾ ക്വിസ് 2025 ലെ വിജയിയായ ശ്രീമതി സുജ നെൽസണുവേണ്ടി Dr. നെൽസൺ എബ്രാഹം ഡയറക്ടറുടെ കൈയിൽ നിന്നും സമ്മാനം ഏറ്റു വാങ്ങുന്നു.







വിമൻസ്ഫെലോഷിപ്പിന്റെ വാർഷികത്തോടനുബന്ധിച്ച്
നടത്തപ്പെട്ട മത്സരങ്ങളിൽ വിജയികളായവർ



## കർത്താവിന്റെ പാദപീഠത്തിൽ
### വചനപഠനം

**2026 മെയ് 4 (തിങ്കൾ) മുതൽ 8 (വെള്ളി) വരെ**
**10 am - 4 pm വരെ**

അല്ലപ്ര മിഷൻ സെന്ററിൽ വച്ച് ബൈബിൾ സ്റ്റഡി ക്രമീകരിച്ചിരിക്കുന്നു.
കർത്താവിന്റെ ശ്രേഷ്ഠ ദാസന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു.

**പ്രാർത്ഥിക്കണമെ... പങ്കാളികളാകണമെ...**

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യുകയും, താമസസൗകര്യം അവശ്യമുള്ളവർ അത് മുൻകൂട്ടി അറിയിക്കുകയും ചെയ്യണമേ! Contact : +91 9447707654/ +91 8281616654

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia@fbl

(ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

### പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)



Help India Mission

# Kripa Bhavan Daan Yojana

*A Home for the Homeless*

## ഭവന നിർമ്മാണം പുരോഗമിക്കുന്നു





പഴയ വീട്

ഗുജറാത്തിലെ സുററ്റിലുള്ള നമ്മുടെ സഹോദരൻ വിക്രം വാസവക്കും കുടുംബത്തിനും അടച്ചുറപ്പുള്ള ഒരു വീടെന്നത് ഒരു സ്വപ്നം മാത്രമായിരുന്നു. `കൃപാഭവൻ ദാൻ യോജന`യിൽ ഈ കുടുംബത്തെയും ഉൾപ്പെടുത്തി അവരുടെ ഭവന നിർമ്മാണം പുരോഗമിക്കുകയാണ്.

### നമ്മുടെ ലക്ഷ്യം:

അടുത്ത 5 വർഷത്തിനുള്ളിൽ ഭവനരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്കായി 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 60 വീടുകൾ നിർമ്മിച്ചു നൽകുക എന്നതാണ് നമ്മുടെലക്ഷ്യം.

**ഇതുവരെ**

ഇതിനോടകം 8 വീടുകളുടെ പണി പൂർത്തീകരിക്കാൻ നമുക്ക് സാധിച്ചു. 5 വീടുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

### നിങ്ങൾക്കും പങ്കുചേരാം:

ഈ ശുശ്രൂഷയിൽ നിങ്ങൾക്കും പങ്കുചേരാം. നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും ഒരു കുടുംബത്തിന് സുരക്ഷിതമായ ഒരു വീട് ഉറപ്പാക്കാൻ സഹായിക്കും. നിങ്ങളുടെ പ്രാർത്ഥനാനിർഭരമായ സംഭാവനകൾക്ക് താഴെ കൊടുത്തിട്ടുള്ള ബാങ്ക് വിവരങ്ങൾ ഉപയോഗിക്കുക.

പുതിയ വീട് നിർമ്മാണത്തിൽ





FEDERAL BANK

Scan & Support

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി 80G പ്രകാരം Income Tax ഇളവ് ലഭിക്കുന്നതാണ്. അതിനായി 100 302 000 284 26 എന്ന അക്കൗണ്ട് നമ്പർ ഉപയോഗപ്പെടുത്തുക.

### BANK DETAILS

| HELP INDIA MISSION | V.P. MATHAI *(Official)* |
| --- | --- |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# MORNING FELLOWSHIP

എല്ലാ ദിവസവും
5.40 am - 6.40 am

Google Meet
Meeting Code : iib-yyvd-seq

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 9 ന്



## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.